**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5139** **14-03-2023 - ൽ മറുപടിയ്ക്ക്**

**ക്ഷേമനിധി ബോർഡുകൾ മുഖേനയുള്ള പെൻഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. സിദ്ദിഖ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് തൊഴിൽ വകുപ്പിന് കീഴിൽ എത്ര ക്ഷേമനിധി ബോർഡുകളാണുള്ളതെന്നും ഓരോ ബോർഡിന് കീഴിൽ എത്ര വീതം അംഗങ്ങൾ ഉണ്ടെന്നും വ്യക്തമാക്കാമോ; | (എ) | അനുബന്ധം 1- ആയി ചേർക്കുന്നു. |
| (ബി) | ഇതിൽ ഏതൊക്കെ ക്ഷേമനിധി ബോർഡുകളാണ് അംഗങ്ങൾക്ക് പെൻഷൻ നൽകുന്നതെന്നും എത്ര പേർക്കാണ് ഓരോ ബോർഡും പെൻഷൻ നൽകുന്നതെന്നുമുള്ള വിവരം ലഭ്യമാക്കാമോ; | (ബി) | അനുബന്ധം 1- ആയി ചേർക്കുന്നു. |
| (സി) | ഒരോ ബോർഡും എത്ര രൂപയാണ് അംശദായമായി പിരിച്ചെടുക്കുന്നതെന്ന് വ്യക്തമാക്കാമോ; | (സി) | അനുബന്ധം 2- ആയി ചേർക്കുന്നു. |
| (ഡി) | പ്രസ്തുത ക്ഷേമനിധി ബോർഡ് അംഗങ്ങളായവർക്ക് പെൻഷനും ആനുകൂല്യങ്ങളും നൽകുന്നതിന് ഏതെങ്കിലും തരത്തിൽ സെസ് പിരിക്കുന്നുണ്ടോ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ? | (ഡി) | കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡ്, കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നീ ബോർഡുകളിൽ സെസ് ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡിലും കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിലും സെസ് പിരിക്കുന്നത് ബഹു. ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്. സെസ് ഏർപ്പെടുത്തികൊണ്ടുള്ള ഉത്തരവിന്റെ പകർപ്പ് അനുബന്ധം- 3 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം -1

| ക്രമ നം. | ബോർഡുകളുടെ പേര് | അംഗങ്ങളുടെ എണ്ണം | അംഗങ്ങൾക്ക് പെൻഷൻ നൽകുന്ന ബോർഡുകൾ | പെൻഷണർമാരുടെ എണ്ണം. |
|---|---|---|---|---|
| 1 | കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ് | 323671 | സർക്കാർ ധനസഹായത്തോടെ പെൻഷൻ വിതരണം ചെയ്യുന്നു. | 16220 |
| 2 | കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് | 23454 | തനത് ഫണ്ടിൽ നിന്നും പെൻഷൻ അനുവദിക്കുന്നു. | 20593 |
| 3 | കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് | 893111 | സർക്കാർ ധനസഹായത്തോടെ പെൻഷൻ വിതരണം ചെയ്യുന്നു. | 87605 |
| 4 | കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ് | 2261 | തനത് ഫണ്ടിൽ നിന്നും പെൻഷൻ അനുവദിക്കുന്നു. | 873 |
| 5 | കേരള തൊഴിലാളി ക്ഷേമനിധി ബോർഡ് | 529801 | ബോർഡിൽ പെൻഷൻ പദ്ധതി നിലവിവിലില്ല | |
| 6 | കേരള ഈറ്റ കാട്ടുവള്ളി തഴ തൊഴിലാളി ക്ഷേമനിധി ബോർഡ് | 110838 | സർക്കാർ ധനസഹായത്തോടെ പെൻഷൻ വിതരണം ചെയ്യുന്നു. . | 10892 |
| 7 | കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡ് | 1514859 | തനത് ഫണ്ടിൽ നിന്നും പെൻഷൻ അനുവദിക്കുന്നു. | 4261 |
| 8 | കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ് | 15210 | സർക്കാർ ധനസഹായത്തോടെ പെൻഷൻ വിതരണം ചെയ്യുന്നു. | 9035 |
| 9 | കേരള ബീഡി - ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ് | 4380 | സർക്കാർ ധനസഹായത്തോടെ പെൻഷൻ വിതരണം ചെയ്യുന്നു. | 3423 |

5139

| | | | | |
|---|---|---|---|---|
| 10 | കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ്. | 2073178 | തനത് ഫണ്ടിൽ നിന്നും പെൻഷൻ അനുവദിക്കുന്നു. | 360226 |
| 11 | കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ് | 22117 | സർക്കാർ ധനസഹായത്തോടെ പെൻഷൻ വിതരണം ചെയ്യുന്നു. | 834 |
| 12 | കേരള ചുമട്ട് തൊഴിലാളി ക്ഷേമ ബോർഡ് | 50620 | അൺഅറ്റാച്ചഡ് വിഭാഗം - തനത് ഫണ്ട് | 12824 |
| | | | സ്കാറ്റേർഡ് വിഭാഗം - സർക്കാർ ധനസഹായം | 4775 |
| 13 | കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ് | 22116 | സർക്കാർ ധനസഹായത്തോടെ പെൻഷൻ വിതരണം ചെയ്യുന്നു. | 719 |
| 14 | കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ് | 259446 | സർക്കാർ ധനസഹായത്തോടെ പെൻഷൻ വിതരണം ചെയ്യുന്നു. . | 64161 |
| 15 | കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് | 736397 | | കർഷക തൊഴിലാളികൾക്ക് സാമൂഹ്യ സുരക്ഷ പെൻഷനാണ് അനുവദിക്കുന്നത്. |
| 16 | കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി **ബോർഡ്** | 1105207 | തനത് ഫണ്ടിൽ നിന്നും പെൻഷൻ അനുവദിക്കുന്നു. | 8868 |

സെക്ഷൻ ഓഫീസർ

# അനുബന്ധം -2

| ക്രമ നം. | ക്ഷേമനിധി ബോർഡിന്റെ പേര് | അംശദായം | | | |
|---|---|---|---|---|---|
| | | തൊഴിലാളി വിഹിതം | തൊഴിലുടമ വിഹിതം | സ്വയം തൊഴിൽ | സർക്കാർ വിഹിതം |
| 1 | കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ് | പ്രതിമാസം 50/-രൂപ | പ്രതിമാസം 50/-രൂപ | പ്രതിമാസം 100 രൂപ | 100 രൂപയുടെ 10% |
| 2 | കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് | വേതനത്തിന്റെ 10% | 15% | | തൊഴിലാളിയുടെ അംശദായത്തിന്റെ 10% |
| 3 | കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് | പ്രതിമാസം 50/-രൂപ | പ്രതിമാസം 25/-രൂപ | | തൊഴിലാളി വിഹിതത്തിന്റെ 2% |
| 4 | കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ് | പ്രതിമാസ വേതനത്തിന്റെ 25% | | | |
| 5 | കേരള തൊഴിലാളി ക്ഷേമനിധി ബോർഡ് | 45/-രൂപ (അർദ്ധവർഷത്തിൽ) | 45/-രൂപ | | |
| 6 | കേരള ഈറ്റ കാട്ടുവള്ളി തഴ തൊഴിലാളി ക്ഷേമനിധി ബോർഡ് | പ്രതിമാസം 15/-രൂപ | 15/-രൂപ | 15/-രൂപ | തൊഴിലാളി വിഹിതത്തിന്റെ 75% |
| 7 | കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡ് | പ്രതിമാസം 50/- രൂപ | 50/- രൂപ | | തൊഴിലാളി വിഹിതത്തിന്റെ 25% |
| 8 | കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ് | 10 /-രൂപ | 20 /-രൂപ | 30/-രൂപ | തൊഴിലാളി വിഹിതത്തിന് തുല്യമായ തുക |
| 9 | കേരള ബീഡി - ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ് | 10/-രൂപ | 20/-രൂപ | | തൊഴിലാളി വിഹിതത്തിന് തുല്യമായ തുക |
| 10 | കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ്. | പ്രതിമാസം 50/-രൂപ | | | |
| 11 | കേരള ചുമട്ട് | സ്കാറ്റേർഡ് | | | |

| | | | | | |
|---|---|---|---|---|---|
| | തൊഴിലാളി ക്ഷേമ ബോർഡ് | വിഭാഗം തൊഴിലാളി 100/- രൂപ | | | |
| 12 | കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ് | പ്രതിമാസം 30 - രൂപ | പ്രതിമാസം 30/-രൂപ | 60/-രൂപ | പ്രതിമാസം 10/രൂപ |
| 13 | കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ് | പ്രതിദിനം 2/-രൂപ | പ്രതിദിനം 2/- രൂപ | | പ്രതിദിനം 1/- രൂപ |
| 14 | കേരള കർഷകതൊഴിലാളി ക്ഷേമനിധി ബോർഡ് | പ്രതിമാസം 20/- രൂപ | ഭൂവുടമ വിഹിതം 20 – 40 Ares – പ്രതിവർഷം 50 പൈസ 40 Are ന്- മുകളിൽ 1 രൂപ | | തൊഴിലാളി വിഹിതത്തിന്റെ 25% |
| 15 | കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ് | 50/-രൂപ | | | തൊഴിലാളി വിഹിതത്തിന്റെ 5% |
| 16 | കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് | കാറ്റഗറി | | ഉടമ വിഹിതം (പ്രതിമാസം) | തൊഴിലാളിവിഹിതം (പ്രതിമാസം) |
| | | സ്റ്റേജ് കാരേജ് (ഹെവി) | | 1260 | 180 |
| | | സ്റ്റേജ് കാരേജ് (ലൈറ്റ് & മീഡിയം) | | 840 | 180 |
| | | കോൺട്രാക്ട് കാരേജ് | | 840 | 180 |
| | | ഗുഡ്സ് (ഹെവി & മീഡിയം) | | 480 | 120 |
| | | ഗുഡ്സ് ലൈറ്റ് | | 240 | 120 |
| | | ഒമിനി വാൻ, ക്വാളിസ് ടെംമ്പോ ട്രാവലർ, ടാക്സി ക്യാബ് | | 120 | 60 |
| | | ഓട്ടോ റിക്ഷാ, ട്രാക്ടർ, ടില്ലർ | | 60 | 60 |

സെക്ഷൻ ഓഫീസർ

©
Government of Kerala
കേരള സർക്കാർ
2009

Reg. No. രജി. നമ്പർ
KL/TV(N)/12/2009-2011

# KERALA GAZETTE
# കേരള ഗസററ്
## EXTRAORDINARY
## അസാധാരണം
## PUBLISHED BY AUTHORITY
## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

| | | | |
|---|---|---|---|
| Vol. LIV<br>വാല്യം 54 | Thiruvananthapuram, Saturday<br>തിരുവനന്തപുരം, ശനി | 1st August 2009<br>2009 ആഗസ്റ്റ് 1<br>10th Sravana 1931<br>1931 ശ്രാവണം 10 | No.<br>നമ്പർ 1413 |


## കേരള സർക്കാർ

നിയമ (നിയമനിർമ്മാണ-സി) വകുപ്പ്

### വിജ്ഞാപനം

നമ്പർ 1771/ലെഗ്. സി2/2008/നിയമം. *തിരുവനന്തപുരം, 2009 ആഗസ്റ്റ് 1 / 1931 ശ്രാവണം 10.*

കേരള സംസ്ഥാന നിയമസഭയുടെ താഴെ പറയുന്ന ആക്റ്റ് പൊതുജനങ്ങളുടെ അറിവിലേക്കായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു. നിയമസഭ പാസാക്കിയ പ്രകാരമുള്ള ബില്ലിന് 2009 ആഗസ്റ്റ് 1-ാം തീയതി ഗവർണ്ണറുടെ അനുമതി ലഭിച്ചു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

കെ. ജോൺ ബ്രിട്ടോ,
*നിയമ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി.*

PRINTED AND PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2009.

33/2639/2009/DTP.

# 2009-ലെ 26-ാം ആക്റ്റ്

# 2009-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ആക്റ്റ്

കേരള സംസ്ഥാനത്തെ സ്വർണ്ണം, വെള്ളി, പ്ലാറ്റിനം, ചെമ്പ്, പിച്ചള, ഓട്, തങ്കം, രത്നം, മുത്ത് (കൃത്രിമ മുത്ത് ഒഴികെ)എന്നിവ സംസ്ക്കരിക്കുകയും, അവയോ, അവയുടെ സങ്കരമോ, ഉല്പന്നമോ ഉപയോഗിച്ച് ആഭരണമോ, രൂപമോ, മറ്റു ഉല്പന്നമോ നിർമ്മിക്കുകയും അനുബന്ധ ജോലികൾ ചെയ്യുന്നതുമായ തൊഴിലാളികൾക്കും, സ്വയം തൊഴിൽ ചെയ്യുന്ന ആളുകൾക്കും ആശ്വാസം നൽകുന്നതിനും, അവരുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിനും അവർക്ക് പെൻഷൻ നൽകുന്നതിനും ആനുഷംഗികമായ മറ്റുകാര്യങ്ങൾക്കും വേണ്ടി ഒരു നിധി രൂപീകരിക്കുന്നതിനായി വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ആക്റ്റ്

<u>പീഠിക</u>.—സംസ്ഥാനത്ത് സ്വർണ്ണം, വെള്ളി, പ്ലാറ്റിനം, ചെമ്പ്, പിച്ചള, ഓട്, തങ്കം, രത്നം, മുത്ത് (കൃത്രിമ മുത്ത് ഒഴികെ) എന്നിവ സംസ്ക്കരിക്കുകയും, അവയോ, അവയുടെ സങ്കരമോ, ഉല്പന്നമോ ഉപയോഗിച്ച് ആഭരണമോ, രൂപമോ, മറ്റു ഉല്പന്നമോ നിർമ്മിക്കുകയും അനുബന്ധ ജോലികൾ ചെയ്യുന്നതുമായ തൊഴിലാളികൾക്കും, സ്വയം തൊഴിൽ ചെയ്യുന്ന ആളുകൾക്കും ആശ്വാസം നൽകുന്നതിനും, അവരുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിനും, അവർക്ക് പെൻഷൻ നൽകുന്നതിനും ആനുഷംഗികമായ മറ്റു കാര്യങ്ങൾക്കും വേണ്ടി ഒരു നിധി രൂപീകരിക്കുന്നതിനും അതുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപതാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു :—

1. <u>ചുരുക്കപ്പേരും പ്രാരംഭവും</u>.—(1) ഈ ആക്റ്റിന് 2009-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഗസറ്റ് വിജ്ഞാപനംവഴി സർക്കാർ നിശ്ചയിക്കുന്ന തീയതിയിൽ പ്രാബല്യത്തിൽ വരുന്നതാണ്.

2. <u>നിർവ്വചനങ്ങൾ.</u>—ഈ ആക്റ്റിൽ സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) 'ബോർഡ്' എന്നാൽ 19-ാം വകുപ്പുപ്രകാരം രൂപീകരിക്കപ്പെട്ട "കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്" എന്നർത്ഥമാകുന്നു ;

(ബി) 'ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ' എന്നാൽ 21-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം നിയമിക്കപ്പെട്ട 'ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ' എന്നർത്ഥമാകുന്നു ;

(സി) 'അംശദായം' എന്നാൽ 4-ാം വകുപ്പുപ്രകാരം നിധിയിലേക്ക് നൽകേണ്ടതായ തുക എന്നർത്ഥമാകുന്നു ;

(ഡി) 'വ്യാപാരി' എന്നാൽ സ്വർണ്ണം, വെള്ളി, പ്ലാറ്റിനം, ചെമ്പ്, പിച്ചള, ഓട്, തങ്കം, രത്നം, മുത്ത് (കൃത്രിമ മുത്ത് ഒഴികെ) എന്നിവ സംസ്ക്കരിക്കുകയോ അവയുടെ സങ്കരമോ ഉല്പന്നമോ ഉപയോഗിച്ച് നിർമ്മിച്ചിട്ടുള്ള ആഭരണമോ, രൂപമോ, മറ്റു ഉൽപ്പന്നമോ വാങ്ങുകയോ വിൽക്കുകയോ ചെയ്യുന്ന സ്ഥാപനമോ വ്യക്തിയോ ഏജന്റോ എന്നർത്ഥമാകുന്നു ;

(ഇ) 'തൊഴിലുടമ' എന്നാൽ സ്വർണ്ണം, വെള്ളി, പ്ലാറ്റിനം, ചെമ്പ്, പിച്ചള, ഓട്, തങ്കം, രത്നം, മുത്ത് (കൃത്രിമ മുത്ത് ഒഴികെ) എന്നിവയോ അവയുടെ സങ്കരമോ ഉല്പന്നമോ ഉപയോഗിച്ച് ആഭരണമോ, രൂപമോ, മറ്റേതെങ്കിലും ഉൽപ്പന്നമോ നിർമ്മിക്കുന്നതിനോ, രൂപഭേദം വരുത്തുന്നതിനോ, സംസ്ക്കരിക്കുന്നതിനോ, അനുബന്ധ ജോലിക്കോ, നേരിട്ടോ, മറ്റൊരാൾ മുഖേനയോ, ഒന്നോ അതിൽ കൂടുതലോ തൊഴിലാളികളുടെ സേവനം സ്വന്തം സ്ഥാപനത്തിൽ വച്ചോ, മറ്റ് ഇടങ്ങളിലോ, ഉപയോഗപ്പെടുത്തുന്ന ആളും, സ്ഥാപനമാണെങ്കിൽ അതിന്റെ മുഖ്യ നിയന്ത്രണാധികാരിയും, തൊഴിലാളികളെ നിയമിക്കുന്നതോ, നിയന്ത്രിക്കുന്നതോ ആയ കോൺട്രാക്ടർ, മാനേജർ, മറ്റേതെങ്കിലും പേരിൽ അറിയപ്പെടുന്നവർ എന്നിവരുൾപ്പെടുന്നതുമാകുന്നു;

(എഫ്) 'കുടുംബം' എന്നാൽ,—

(i) ഭർത്താവ് അല്ലെങ്കിൽ ഭാര്യ, ദത്തെടുത്ത മക്കൾ ഉൾപ്പെടെ അവരുടെ പ്രായപൂർത്തിയാകാത്ത കുട്ടികൾ, പ്രായപൂർത്തിയായ ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികൾ, അവിവാഹിതരായ പുത്രിമാർ എന്നിവരും ;

(ii) തൊഴിലാളിയെയോ, സ്വന്തമായി തൊഴിൽ ചെയ്യുന്നവരെയോ മാത്രം ആശ്രയിച്ചുകഴിയുന്ന അച്ഛനും, അമ്മയും, വിധവകളായ പുത്രിമാരും എന്നർത്ഥമാകുന്നു ;

(ജി) 'നിധി' എന്നാൽ 3-ാം വകുപ്പുപ്രകാരം രൂപീകരിക്കപ്പെടുന്ന കേരള ആഭരണ തൊഴിലാളി ക്ഷേമനിധി എന്നർത്ഥമാകുന്നു ;

(എച്ച്) 'ആഭരണം' എന്നാൽ ധരിക്കുന്നതിനോ, അലങ്കരിക്കുന്നതിനോ, മറ്റേതെങ്കിലും ഉപയോഗത്തിനോ ആയി, സ്വർണ്ണം, വെള്ളി, പ്ലാറ്റിനം ചെമ്പ്, പിച്ചള,

ഓട്, തങ്കം, രത്നം, മുത്ത് (കൃത്രിമ മുത്ത് ഒഴികെ) എന്നിവയോ അവയുടെ സങ്കരമോ, മുഖ്യമായി ഉപയോഗിച്ച് നിർമ്മിച്ചതായ ആഭരണങ്ങൾ, രൂപങ്ങൾ, വസ്തുക്കൾ, മറ്റുവകഭേദങ്ങൾ, സങ്കര/സംസ്ക്കരണ പ്രക്രിയ നടത്തി ഉണ്ടാക്കുന്ന രൂപഭേദങ്ങൾ, ഉല്പന്നങ്ങൾ എന്നർത്ഥമാകുന്നു ;

(ഐ) 'അംഗം' എന്നാൽ നിധിയിലെ ഒരംഗം എന്നർത്ഥമാകുന്നു ;

(ജെ) 'നാമനിർദ്ദേശം ചെയ്യപ്പെട്ടയാൾ' എന്നാൽ നാമനിർദ്ദേശം ചെയ്യപ്പെട്ടതും കുടുംബം എന്ന നിർവ്വചനത്തിൽ ഉൾപ്പെടുന്നതുമായ ആൾ എന്നർത്ഥമാകുന്നു ;

(കെ) 'ആൾ' എന്നതിൽ ഒരു കമ്പനിയോ, ഒരു സ്ഥാപനമോ, വ്യക്തികളുടെ സമാജമോ, അല്ലെങ്കിൽ 1969-ലെ കേരള സഹകരണസംഘം ആക്ട് (1969-ലെ 21) പ്രകാരം രജിസ്റ്റർ ചെയ്തതോ, രജിസ്റ്റർ ചെയ്യാൻ ഇടയുള്ളതോ ആയ ഒരു സഹകരണ സംഘമോ, നിയമപരമോ, അല്ലാത്തതോ ആയ സംഘടനയോ, ട്രസ്റ്റോ, ഫേമോ, മതപരമോ, സാമൂഹികപരമോ ആയ സ്ഥാപനമോ ഉൾപ്പെടുന്നതുമാകുന്നു ;

(എൽ) 'നിർണ്ണയിക്കപ്പെട്ട' എന്നാൽ ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളോ, പദ്ധതികളോ പ്രകാരം നിർണ്ണയിക്കപ്പെട്ടത് എന്നർത്ഥമാകുന്നു ;

(എം) 'പട്ടിക' എന്നാൽ ഈ ആക്ടിലെ പട്ടിക എന്നർത്ഥമാകുന്നു ;

(എൻ) 'പദ്ധതി' എന്നാൽ 3-ാം വകുപ്പുപ്രകാരം ആവിഷ്ക്കരിച്ചിട്ടുള്ള "കേരള ആഭരണ തൊഴിലാളി ക്ഷേമ പദ്ധതി" എന്നർത്ഥമാകുന്നു ;

(ഒ) 'സ്വയം തൊഴിൽ ചെയ്യുന്ന ആൾ' എന്നാൽ യഥാർത്ഥത്തിൽ ഉപജീവനത്തിനായി, പ്രധാനമായും, സ്വർണ്ണം, വെള്ളി, പ്ലാറ്റിനം, ചെമ്പ്, പിച്ചള, ഓട്, തങ്കം, രത്നം, മുത്ത് (കൃത്രിമ മുത്ത് ഒഴികെ) എന്നിവയോ അവയുടെ സങ്കരമോ, രൂപഭേദമോ, മറ്റു ഉല്പന്നമോ സംസ്ക്കരിക്കുന്നതും, അവ ഉപയോഗിച്ച് ആഭരണമോ, രൂപമോ മറ്റേതെങ്കിലും ഉല്പന്നമോ നിർമ്മിക്കുന്നതോ രൂപഭേദം ചെയ്യുന്നതോ ആയ പ്രവൃത്തികളിലും അനുബന്ധ ജോലികളിലും സ്വന്തമായി ഏർപ്പെട്ടിരിക്കുന്ന ആൾ എന്നർത്ഥമാകുന്നതും, ഏതെങ്കിലും തൊഴിലുടമയുടെ കീഴിൽ ജോലി ചെയ്യുന്ന ആൾ ഉൾപ്പെടാത്തതുമാകുന്നു ;

(പി) 'തൊഴിലാളി' എന്നാൽ ഒരു തൊഴിലുടമയുടെ കീഴിൽ നേരിട്ടോ അല്ലാതെയോ ഏജന്റ് മുഖാന്തിരമോ, കരാർ വ്യവസ്ഥയിലോ, അല്ലാതെയോ, സ്വർണ്ണം, വെള്ളി, പ്ലാറ്റിനം, ചെമ്പ്, പിച്ചള, ഓട്, തങ്കം, രത്നം, മുത്ത് (കൃത്രിമ മുത്ത് ഒഴികെ) എന്നിവയോ അവയുടെ സങ്കരമോ, രൂപഭേദമോ, മറ്റു ഉല്പന്നമോ സംസ്ക്കരിക്കുന്നതും, അവ ഉപയോഗിച്ച് ആഭരണമോ, രൂപമോ മറ്റേതെങ്കിലും ഉല്പന്നമോ നിർമ്മിക്കുന്നതോ രൂപഭേദപ്പെടുത്തുന്നതോ ആയ പ്രവൃത്തികളിലും അനുബന്ധ ജോലികളിലും ഏർപ്പെട്ടിരിക്കുന്ന ആൾ എന്നർത്ഥമാകുന്നു ;

(ക്യു) 'വർഷം' എന്നാൽ ഏപ്രിൽ ഒന്നു മുതൽ അടുത്ത വർഷം മാർച്ച് 31 വരെയുള്ള സാമ്പത്തിക വർഷം എന്നർത്ഥമാകുന്നു ;

(ആർ) 'വിറ്റുവരവ്' എന്നാൽ സ്വർണ്ണം, വെള്ളി, പ്ലാറ്റിനം, ചെമ്പ്, പിച്ചള, ഓട്, തങ്കം, രത്നം, മുത്ത് (കൃത്രിമ മുത്ത് ഒഴികെ) എന്നിവയുടെയും അവ സംസ്ക്കരിച്ച് ലഭിച്ചതിന്റെയും അവയുടെ സങ്കരമോ, ഉല്പന്നമോ ഉപയോഗിച്ച് നിർമ്മിച്ച ആഭരണമോ രൂപമോ മറ്റ് ഉല്പന്നങ്ങളോ, എന്നിവയുടെയും കേരള സംസ്ഥാനത്ത് നടത്തുന്ന ക്രയവിക്രയങ്ങളുടെ മൂല്യം എന്നർത്ഥമാകുന്നു ;

3. കേരള ആഭരണ തൊഴിലാളി ക്ഷേമനിധി പദ്ധതി.—(1) സർക്കാർ ഗസറ്റ് വിജ്ഞാപനംവഴി, ഈ ആക്റ്റിന്റെ പരിധിയിൽ വരുന്ന തൊഴിലാളികളുടേയും, സ്വയം തൊഴിൽ ചെയ്യുന്നവരുടേയും ക്ഷേമത്തിനായി ഈ ആക്റ്റ് പ്രകാരം "കേരള ആഭരണ തൊഴിലാളി ക്ഷേമ പദ്ധതി" എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിക്കേണ്ടതും, അതിനുശേഷം കഴിയുന്നതുംവേഗം ആക്റ്റിലേയും, പദ്ധതിയിലേയും വ്യവസ്ഥകളനുസരിച്ച് ഒരു നിധി രൂപീകരിക്കേണ്ടതുമാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട പദ്ധതിയിൽ ഈ ആക്റ്റിലെ വ്യവസ്ഥകൾക്കു വിധേയമായി, (5)-ാം ഉപവകുപ്പിലും, പട്ടികയിലും പറഞ്ഞിട്ടുള്ള എല്ലാമോ, ഏതെങ്കിലുമോ കാര്യങ്ങൾക്കുവേണ്ടി വ്യവസ്ഥ ചെയ്യാവുന്നതാണ്.

(3) നിധിയിൽ താഴെ പറയുന്നവ വരവ് കൊള്ളിക്കേണ്ടതാണ്, അതായത്:—

(എ) 4-ാം വകുപ്പുപ്രകാരമുള്ള അംശദായങ്ങൾ ;

(ബി) 5-ാം വകുപ്പുപ്രകാരം ലഭ്യമാക്കുന്ന സെസ്സ് തുക ;

(സി) 22-ാം വകുപ്പുപ്രകാരം ബോർഡ് കടം വാങ്ങിയ തുക ;

(ഡി) 29-ാം വകുപ്പുപ്രകാരം വസൂലാക്കപ്പെടുന്ന നഷ്ടപരിഹാരം ;

(ഇ) പദ്ധതിയിലേയും ചട്ടങ്ങളിലേയും വ്യവസ്ഥകൾ പ്രകാരം നിധിയിലേക്ക് വരവ് കൊള്ളിക്കേണ്ട മറ്റേതെങ്കിലും തുക ;

(എഫ്) മറ്റേതെങ്കിലും മാർഗ്ഗത്തിൽ നിന്നുള്ള ഏതെങ്കിലും സംഭാവന.

(4) നിധി, 19-ാം വകുപ്പുപ്രകാരം രൂപീകരിക്കപ്പെട്ട ബോർഡിൽ നിക്ഷിപ്തമായിരിക്കുന്നതും ബോർഡ് അതിന്റെ ഭരണം നിർവ്വഹിക്കേണ്ടതുമാണ്.

(5) നിധി, ഇനി പറയുന്ന എല്ലാമോ, ഏതെങ്കിലുമോ ആവശ്യങ്ങൾക്കായും അവ മുഴുവനായോ ഭാഗികമായോ നടപ്പാക്കുന്നതിനും ഉപയോഗിക്കാവുന്നതാണ്, അതായത്:—

(എ) താഴെ പറയുന്നവർക്ക് പെൻഷൻ നൽകുന്നതിന് ;

(i) അറുപത് വയസ്സ് പൂർത്തിയായിട്ടുള്ളതും അഞ്ചുവർഷത്തിൽ കുറയാതെ അംശദായം അടച്ചിട്ടുള്ളതുമായ ഒരംഗത്തിന് ;

(ii) പദ്ധതി പ്രാബല്യത്തിൽ വരുന്നതിനുമുമ്പ് അറുപത് വയസ്സ് പൂർത്തിയായതോ പദ്ധതിയിൽ അംഗത്വത്തിന് അർഹതയില്ലാത്തതോ ആയതും എന്നാൽ പത്തു വർഷമെങ്കിലും തൊഴിലാളിയോ, സ്വയം തൊഴിൽ ചെയ്യുന്ന ആളോ ആയിരുന്നതുമായ ഒരാളിന്, പദ്ധതിയിലെ വ്യവസ്ഥകൾക്ക് വിധേയമായി ;

(iii) നിധിയിൽ കുറഞ്ഞത് പത്ത് വർഷമെങ്കിലും തുടർച്ചയായി അംശദായം അടച്ചിട്ടുള്ളതും, സ്ഥായിയായി അവശത സംഭവിച്ചു രണ്ടു വർഷക്കാലമായി യാതൊരു ജോലിയും ചെയ്യാൻ കഴിയാതെ വരികയും ചെയ്യുന്ന ഒരംഗത്തിന് ;

(iv) നിധിയിൽ കുറഞ്ഞത് പത്ത് വർഷമെങ്കിലും തുടർച്ചയായി അംശദായം അടച്ചിട്ടുള്ള ഒരംഗം മരണമടഞ്ഞാൽ, അംഗത്തിന്റെ കുടുംബത്തിലെ, നിർണ്ണയിക്കപ്പെടുന്ന പ്രകാരം മുൻഗണനാ ക്രമത്തിൽ ഒരാൾക്ക് ;

(ബി) നിധിയിലേക്ക് രണ്ടു വർഷമെങ്കിലും തുടർച്ചയായി അംശദായം അടച്ചിട്ടുള്ളതും, എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷ്വറൻസ് പദ്ധതിയുടെ പരിധിയിൽ വരാത്തതുമായ വനിതാ അംഗത്തിന് നിർണ്ണയിക്കപ്പെടുന്ന പ്രകാരം പ്രസവാനുകൂല്യം നൽകുന്നതിന് ;

(സി) നിധിയിലേക്ക് മൂന്നു വർഷമെങ്കിലും തുടർച്ചയായി അംശദായം അടച്ചിട്ടുള്ള അംഗങ്ങളുടെ പെൺമക്കളുടേയും, വനിതാ അംഗങ്ങളുടേയും വിവാഹത്തിന് ധനസഹായം നൽകുന്നതിന് ;

(ഡി) നിധിയിലേക്ക് രണ്ടു വർഷമെങ്കിലും തുടർച്ചയായി അംശദായം അടച്ചിട്ടുള്ള അംഗങ്ങളുടെ മക്കൾക്ക്, വിദ്യാഭ്യാസാനുകൂല്യമോ, ഗ്രാന്റോ നൽകുന്നതിന് ;

(ഇ) നിധിയിലേക്ക് ഒരു വർഷമെങ്കിലും തുടർച്ചയായി അംശദായം അടച്ചിട്ടുള്ള അംഗത്തിനും, അംഗങ്ങളുടെ കുടുംബാംഗങ്ങൾക്കും കാൻസർ, ക്ഷയം, ഹൃദ്രോഗം, എയ്ഡ്സ്, വൃക്കരോഗം, തലച്ചോറിൽ രക്തസ്രാവം എന്നീ അസുഖങ്ങൾക്ക് നിർണ്ണയിക്കപ്പെടുന്ന വിധം ചികിൽസാസഹായം നൽകുന്നതിന് ;

(എഫ്) അംഗത്വം നിലനിൽക്കുമ്പോഴോ, സ്ഥായിയായ ശാരീരിക അവശത സംഭവിച്ച് രണ്ട് വർഷത്തിനകമോ അംഗം മരണമടഞ്ഞാൽ കുടുംബത്തിന് പദ്ധതിയിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരം മരണാനന്തര സഹായധനം നൽകുന്നതിന് ;

(ജി) പദ്ധതിപ്രകാരം അംഗമായി പെൻഷന് അർഹത നേടിയശേഷം മൂന്ന് വർഷത്തിനകം മരണമടയുന്ന ആളുടെ കുടുംബത്തിന് നിർണ്ണയിക്കപ്പെടുന്ന രീതിയിൽ, ധനസഹായം നൽകുന്നതിന് ;

(എച്ച്) നിധിയിലേക്ക് അഞ്ചു വർഷമെങ്കിലും അംശദായം നൽകിയിട്ടുള്ള അംഗത്തിന് ഭവന നിർമ്മാണത്തിനോ, ഭവനത്തിന്റെ അറ്റകുറ്റപ്പണികൾക്കോ, വായ്പ നൽകുന്നതിന് ;

(ഐ) നിധിയിലേക്ക് അഞ്ചു വർഷമെങ്കിലും അംശദായം അടച്ചിട്ടുള്ള ഒരംഗത്തിന് തൊഴിലിൽ തുടരാൻ കഴിയാത്ത സാഹചര്യത്തിൽ അയാൾ തൊഴിൽ ചെയ്ത വർഷങ്ങളുടെ എണ്ണം അടിസ്ഥാനപ്പെടുത്തി, നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള നിരക്കുകളിൽ ഒരു സഞ്ചിത തുക നൽകുന്നതിന്;

(ജെ) പദ്ധതിയിൽ പറഞ്ഞിട്ടുള്ള മറ്റേതെങ്കിലും ആവശ്യം നടപ്പിലാക്കുന്നതിന്.

(6) (1)-ാം ഉപവകുപ്പ് പ്രകാരം ഉണ്ടാക്കുന്ന പദ്ധതി, അത് ഉണ്ടാക്കിയ ശേഷം കഴിയുന്നത്ര വേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ സഭ മുമ്പാകെ ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ അഥവാ തൊട്ടടുത്തു വരുന്ന സമ്മേളനമോ അവസാനിക്കുന്നതിനു മുമ്പ് നിയമസഭ പദ്ധതിയിൽ ഏതെങ്കിലും ഭേദഗതി വരുത്തുന്ന പക്ഷം, പദ്ധതിക്ക് അതിനുശേഷം അപ്രകാരം ഭേദഗതി ചെയ്ത രൂപത്തിൽ മാത്രം പ്രാബല്യം ഉണ്ടായിരിക്കുന്നതുമാണ്. എന്നിരുന്നാലും, അപ്രകാരമുള്ള ഏതെങ്കിലും ഭേദഗതി പദ്ധതിപ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കുന്നതാണ്.

4. <u>നിധിയിലേക്കുള്ള അംശദായം.</u>—(1) ഓരോ തൊഴിലാളിയും സ്വയംതൊഴിൽ ചെയ്യുന്ന ആളും പ്രതിമാസം ഇരുപതു രൂപാ വീതം നിധിയിലേക്കുള്ള അംശദായമായി നൽകേണ്ടതാണ്.

(2) ഓരോ അംഗവും, നിധിയിലേക്ക് (1)-ാം ഉപവകുപ്പുപ്രകാരം ഓരോവർഷവും നൽകിയ തുകയുടെ അഞ്ച് ശതമാനത്തിനു തുല്യമായ തുക വർഷംതോറും സർക്കാർ, നിധിയിലേക്കുള്ള അംശദായമായി നൽകേണ്ടതാണ്.

(3) ഇപ്രകാരം അടയ്ക്കേണ്ടതായ അംശദായ തുക, പദ്ധതിയിൽ നിർണ്ണയിക്കപ്പെട്ട രീതിയിൽ നിധിയിലേക്ക് അടയ്ക്കേണ്ടതാണ്.

5. <u>വ്യാപാരി സെസ്സ്.</u>—(1) ആഭരണ തൊഴിലാളികളുടേയും സ്വയംതൊഴിൽ ചെയ്യുന്നവരുടേയും ക്ഷേമത്തിനായി നിധിയിലേക്കുള്ള തുക സ്വരൂപിക്കുന്നതിനുള്ള ആവശ്യാർത്ഥം ഓരോ വ്യാപാരിയും തന്റെ ഒരു വർഷത്തെ, ആഭരണ വിറ്റുവരവിന്റെ 0.25% വരുന്ന തുക സെസ്സ് ആയി സർക്കാരിലേക്ക് നിർണ്ണയിക്കപ്പെട്ട രീതിയിൽ സഞ്ചിത നിധിയിൽ അടയ്ക്കേണ്ടതാണ്. എന്നാൽ പത്ത് ലക്ഷം രൂപയിൽ താഴെ വാർഷിക വിറ്റുവരവുള്ള വ്യാപാരികൾക്ക് ഇത് ബാധകമായിരിക്കുന്നതല്ല.

(2) (1)-ാം ഉപവകുപ്പുപ്രകാരം ചുമത്തപ്പെട്ട സെസ്സ് നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള രീതിയിലും സമയത്തും ഓരോ വ്യാപാരിയിൽ നിന്നും പിരിച്ചെടുക്കേണ്ടതാണ്.

(3) (1)-ാം ഉപവകുപ്പുപ്രകാരം ചുമത്തിയിട്ടുള്ള സെസ്സ് തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൻ കീഴിൽ ചുമത്താവുന്ന ഏതെങ്കിലും സെസ്സിനോ, തീരുവയ്ക്കോ, നികുതിക്കോ പുറമേ ആയിരിക്കുന്നതാണ്.

(4) (2)-ാം ഉപവകുപ്പുപ്രകാരം സെസ്സായി പിരിച്ചെടുത്ത തുക നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ കേരള സംസ്ഥാന സഞ്ചിത നിധിയിലേക്ക് വരവുവയ്ക്കേണ്ടതാണ്.

(5) സർക്കാർ പിരിച്ചെടുത്ത സെസ്സ് തുക, ഓരോ വർഷവും പിരിച്ചെടുത്ത തുകയുടെ ഒരു ശതമാനത്തിൽ കവിയാത്ത തുക, അത്തരം സെസ്സ് പിരിച്ചെടുക്കലിനുള്ള ചെലവിലേക്കായി കിഴിവ് ചെയ്തതിനുശേഷം, ബോർഡിന്റെ ഫണ്ടിലേക്ക് ജൂൺ 30-ന് മുമ്പായി നിർണ്ണയിക്കപ്പെടാവുന്ന അത്തരം രീതിയിൽ നൽകേണ്ടതാണ്.

6. <u>അസസ്സിംഗ് ആഫീസറുടെ നിയമനം</u>.—ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി സർക്കാരിന്, ഗസറ്റ് വിജ്ഞാപനംവഴി തൊഴിൽ വകുപ്പിലെ അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ് I പദവിയിൽ കുറയാത്ത ഉദ്യോഗസ്ഥരെയോ തത്തുല്യ പദവിയിൽ കുറയാത്ത സർക്കാരിന്റെ മറ്റ് ഉദ്യോഗസ്ഥരെയോ അസസ്സിംഗ് ആഫീസറായി നിയമിക്കാവുന്നതും അവരുടെ തദ്ദേശാധികാര പരിധി നിശ്ചയിക്കാവുന്നതുമാണ്.

7. <u>രജിസ്റ്ററുകളുടെയും റിക്കാർഡുകളുടെയും സൂക്ഷിച്ചുപോരൽ</u>.—(1) ഓരോ വ്യാപാരിയും നിർണ്ണയിക്കപ്പെടുന്ന രീതിയിലുള്ള രജിസ്റ്ററുകളും റിക്കാർഡുകളും സൂക്ഷിക്കേണ്ടതാണ്.

(2) വ്യാപാരിയുടെ വ്യാപാരസ്ഥാപനത്തിൽ രജിസ്റ്ററുകളും റിക്കാർഡുകളും സൂക്ഷിക്കേണ്ടതും ഈ ആക്റ്റിനാൽ അധികാരപ്പെടുത്തിയിട്ടുള്ള ഏതൊരു ഉദ്യോഗസ്ഥനും അല്ലെങ്കിൽ അതോറിറ്റിയും ആവശ്യപ്പെടുമ്പോൾ അവ പരിശോധനയ്ക്ക് നൽകേണ്ടതുമാണ്.

8. <u>വ്യാപാരി റിട്ടേണുകൾ നൽകേണ്ടത് സംബന്ധിച്ച്</u>.—(1) നിർണ്ണയിക്കപ്പെടുന്ന പ്രകാരമുള്ള രീതിയിലും സമയത്തും അസസ്സിംഗ് ആഫീസർ മുമ്പാകെ, മുൻസാമ്പത്തിക വർഷത്തെ വിറ്റുവരവ് കാണിച്ചുകൊണ്ടുള്ള റിട്ടേണുകൾ ഓരോ വ്യാപാരിയും സമർപ്പിക്കേണ്ടതാണ്.

(2) 5-ാം വകുപ്പനുസരിച്ച് സെസ്സ് നൽകാൻ ബാദ്ധ്യതയുള്ള ഏതെങ്കിലും വ്യാപാരി (1)-ാം ഉപവകുപ്പ് പ്രകാരമുള്ള റിട്ടേൺ സമർപ്പിക്കുന്നതിന് വീഴ്ച വരുത്തിയാൽ അങ്ങനെയുള്ള റിട്ടേൺ സമർപ്പിക്കുന്നതിനുവേണ്ടി അസസ്സിംഗ് ആഫീസർ അങ്ങനെയുള്ള വ്യാപാരിയോട് നോട്ടീസിൽ വിനിർദ്ദേശിച്ചിട്ടുള്ള തീയതിക്ക് മുമ്പ് റിട്ടേൺ നൽകുന്നതിന് ആവശ്യപ്പെട്ടുകൊണ്ടുള്ള ഒരു നോട്ടീസ് നൽകേണ്ടതാണ്.

9. <u>സെസ്സ് തിട്ടപ്പെടുത്തൽ</u>.—(1) 8-ാം വകുപ്പ് അനുസരിച്ചുള്ള ഒരു റിട്ടേൺ സ്വീകരിച്ചിട്ടുള്ള ഒരു അസസ്സിംഗ് ഓഫീസർ, അദ്ദേഹത്തിന് ഉചിതമെന്ന് തോന്നുന്ന രീതിയിലുള്ള അന്വേഷണം നടത്തിയതിനോ നടത്തിച്ചതിനോ ശേഷം വ്യാപാരി നൽകേണ്ടതായ സെസ്സ് തുക ഉത്തരവ് വഴി തിട്ടപ്പെടുത്തേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പനുസരിച്ച്, സെസ്സ് തിട്ടപ്പെടുത്തിക്കൊണ്ടുള്ള ഒരുത്തരവിൽ വ്യാപാരി നൽകേണ്ടതായ സെസ്സ് തുകയും അത് ഏത് തീയതിക്കുള്ളിൽ നൽകണമെന്നും നിർദ്ദേശിക്കേണ്ടതാണ്.

(3) (1)-ാം ഉപവകുപ്പ് പ്രകാരം അന്വേഷണം നടത്തുന്ന ഉദ്യോഗസ്ഥന് അത്തരം അന്വേഷണത്തിന്റെ ആവശ്യത്തിലേക്കായി, 1908-ലെ സിവിൽ നടപടി നിയമ സംഹിത (1908-ലെ 5-ാം കേന്ദ്ര ആക്റ്റ്) അനുസരിച്ച് വ്യവഹാരം വിചാരണ ചെയ്യുന്നതിൽ ഒരു സിവിൽ കോടതിയിൽ നിക്ഷിപ്തമായിട്ടുള്ള അതേ അധികാരങ്ങൾ താഴെ പറയുന്ന സംഗതികളെ സംബന്ധിച്ച് ഉണ്ടായിരിക്കുന്നതാണ്,—

(എ) ഏതൊരാളിന്റെയും ഹാജർ ഉറപ്പുവരുത്തുകയും, സത്യപ്രതിജ്ഞയിൻമേലോ ദൃഢപ്രതിജ്ഞയിൻമേലോ അയാളെ വിസ്തരിക്കുകയും ചെയ്യുന്നതിന് ;

(ബി) രേഖകളും പ്രമാണങ്ങളും വെളിപ്പെടുത്തുന്നതിനും, കണ്ടെത്തുന്നതിനും ഹാജരാക്കുന്നതിനും ആവശ്യപ്പെടുന്നതിന് ;

(സി) സത്യവാങ്മൂലത്തിൻമേൽ തെളിവ് സ്വീകരിക്കുന്നതിന് ;

(ഡി) സാക്ഷികളെ വിസ്തരിക്കുന്നതിനുവേണ്ടി കമ്മീഷനുകളെ നിയോഗിക്കുന്നതിന്.

(4) ഈ വകുപ്പിൻകീഴിൽ നടത്തപ്പെടുന്ന ഏതൊരു അന്വേഷണവും ഇൻഡ്യൻ ശിക്ഷാ നിയമസംഹിതയിലെ (1860-ലെ 45-ാം കേന്ദ്ര ആക്റ്റ്) 193-ഉം 228-ഉം വകുപ്പുകളുടെ അർത്ഥ വ്യാപ്തിക്കുള്ളിലും പ്രസ്തുത നിയമസംഹിതയിലെ 196-ാം വകുപ്പിന്റെ ആവശ്യത്തിനും ഒരു നീതിന്യായ നടപടി ആയി കരുതപ്പെടുന്നതാണ്.

10. <u>സെസ്സ് താൽക്കാലികമായി പിരിച്ചെടുക്കൽ.</u>—(1) 5-ാം വകുപ്പുപ്രകാരം സെസ്സ് നൽകാൻ ബാദ്ധ്യസ്ഥനായ ഏതൊരു വ്യാപാരിയും 9-ാം വകുപ്പുപ്രകാരം ഏറ്റവും അവസാനമായി സെസ്സ് തിട്ടപ്പെടുത്തിയതനുസരിച്ച് വാർഷികമായി അയാൾ നൽകേണ്ടതായ തുകയുടെ പന്ത്രണ്ടിൽ ഒരു ഭാഗത്തിന് തുല്യമായ ഒരു തുക എല്ലാ മാസവും പത്താം തീയതിയോ അതിനുമുൻപോ മുൻകൂർ സെസ്സായി നൽകേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പിൻപ്രകാരം അടയ്ക്കേണ്ട തീയതിയിലോ അതിനു മുൻപോ തുക അടയ്ക്കാത്ത പക്ഷം അസസ്സിംഗ് ആഫീസർ, വീഴ്ച വരുത്തിയ ആളിന് കുടിശ്ശികയായിരിക്കുന്ന തുക കാണിച്ചുകൊണ്ടും നോട്ടീസ് കൈപ്പറ്റി ഏഴ് ദിവസത്തിൽ കവിയാത്ത സമയത്തിനുള്ളിൽ പ്രസ്തുത തുക അടയ്ക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ടും നോട്ടീസ് നൽകേണ്ടതാണ്.

(3) (1)-ാം ഉപവകുപ്പുപ്രകാരം വ്യാപാരി ഒരു വർഷം അടച്ച തുക 9-ാം വകുപ്പുപ്രകാരം ആ വർഷം തിട്ടപ്പെടുത്തിയ തുകയിൽ നിന്നും തട്ടിക്കഴിക്കേണ്ടതാണ്.

11. <u>സെസ്സ് ഒടുക്കുന്നതിനുള്ള കാലതാമസത്തിന് നൽകേണ്ടതായ പലിശ.</u>— ഏതെങ്കിലും വ്യാപാരി 5-ാം വകുപ്പ് പ്രകാരം ഒടുക്കേണ്ടതായ ഏതെങ്കിലും സെസ്സ് തുക തിട്ടപ്പെടുത്തൽ ഉത്തരവിൽ പറഞ്ഞിരിക്കുന്ന സമയത്തിനുള്ളിൽ അടയ്ക്കാൻ വീഴ്ച വരുത്തുന്നതായാൽ, അങ്ങനെയുള്ള തുക നൽകേണ്ടതായ തീയതി മുതൽ യഥാർത്ഥത്തിൽ നൽകിയ തീയതി വരെയുള്ള കാലയളവിൽ ഓരോ മാസത്തിനോ അഥവാ മാസത്തിന്റെ ഭാഗത്തിനോ അടയ്ക്കേണ്ടതായ തുകയുടെ ഒന്നര ശതമാനം എന്ന നിരക്കിൽ പലിശ നൽകാൻ ആ വ്യാപാരിക്ക് ബാദ്ധ്യതയുണ്ടായിരിക്കുന്നതാണ്.

12. <u>നിശ്ചിത സമയത്തിനുള്ളിൽ സെസ്സ് അടയ്ക്കാതിരുന്നാലുള്ള പിഴ.</u>—5-ാം വകുപ്പു പ്രകാരം ഏതെങ്കിലും വ്യാപാരി അടയ്ക്കേണ്ടതായ ഏതെങ്കിലും സെസ്സ് തുക 9-ാം വകുപ്പുപ്രകാരമുള്ള അസസ്സ്മെന്റ് ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ള തീയതിയ്ക്കുള്ളിൽ അടയ്ക്കാതെയിരുന്നാൽ അത് കുടിശ്ശികയായി കണക്കാക്കി അസസ്സിംഗ് ആഫീസർക്ക് അദ്ദേഹത്തിന് ഉചിതമെന്ന് തോന്നുന്ന പ്രകാരമുള്ള അന്വേഷണം നടത്തിയതിനുശേഷം അത്തരം വ്യാപാരിക്കുമേൽ കുടിശ്ശിക സെസ്സ് തുകയിൽ കവിയാത്ത തുക പിഴ ചുമത്താവുന്നതാണ് :

എന്നാൽ, അത്തരം ഏതെങ്കിലും പിഴ ചുമത്തുന്നതിനുമുമ്പായി ആ വ്യാപാരിക്ക് പറയുവാനുള്ളത് പറയുവാൻ ന്യായമായ ഒരു അവസരം നൽകേണ്ടതും അപ്രകാരം കേട്ടതിനുശേഷം ഉത്തമവും മതിയായതുമായ കാരണത്താലുമാണ് വീഴ്ച വരുത്തിയത് എന്ന് അസസ്സിംഗ് ആഫീസർക്ക് ബോധ്യപ്പെടുന്നപക്ഷം ഈ വകുപ്പിൻകീഴിൽ യാതൊരു പിഴയും ചുമത്താൻ പാടില്ലാത്തതുമാണ്.

13. ഈ ആക്റ്റ് പ്രകാരം നൽകേണ്ടതായ തുക ഈടാക്കൽ.—ഈ ആക്റ്റ് പ്രകാരം വ്യാപാരി നൽകേണ്ടതായ ഏതൊരു തുകയും കുടിശ്ശിക വരുത്തിയാൽ ഭൂമിയിൽനിന്നുള്ള നികുതി കുടിശ്ശിക എന്നപോലെ വ്യാപാരിയിൽ നിന്നും ഈടാക്കാവുന്നതാണ്.

14. അപ്പീൽ.—(1) 9-ാം വകുപ്പുപ്രകാരമുള്ള അസസ്സ്മെന്റ് ഉത്തരവുമൂലമോ 12-ാം വകുപ്പുപ്രകാരം പിഴ ചുമത്തിയിട്ടുള്ള ഒരു ഉത്തരവുമൂലമോ സങ്കടമനുഭവിക്കുന്ന ഏതൊരു വ്യാപാരിക്കും നിർണ്ണയിക്കപ്പെടാവുന്ന അപ്പീൽ അധികാരിക്ക് അപ്രകാരമുള്ള ഫാറത്തിലും, സമയത്തിനുള്ളിലും അപ്രകാരമുള്ള രീതിയിലും അപ്പീൽ നൽകാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പുപ്രകാരം ഫയൽ ചെയ്യുന്ന ഓരോ അപ്പീലിനുമൊപ്പം നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ഫീസ് നൽകേണ്ടതാണ്.

(3) (1)-ാം ഉപവകുപ്പുപ്രകാരം അപ്പീൽ സ്വീകരിക്കുമ്പോൾ അപ്പീൽ അധികാരി ഇക്കാര്യത്തിൽ അപ്പീൽ വാദിക്ക് പറയുവാനുള്ളത് പറയുവാൻ ഒരു അവസരം നൽകിയശേഷം കഴിയുന്നതും വേഗം അപ്പീൽ തീർപ്പാക്കേണ്ടതാണ്.

(4) ഈ വകുപ്പിൻകീഴിൽ ഉള്ള അപ്പീലിന്മേൽ പാസ്സാക്കിയ ഓരോ ഉത്തരവും അന്തിമമായിരിക്കുന്നതും ഏതെങ്കിലും കോടതിയിൽ ചോദ്യം ചെയ്യാൻ പാടില്ലാത്തതുമാണ്.

15. പ്രവേശിക്കുന്നതിനുള്ള അധികാരം.—ഏതെങ്കിലും ഒരു അസസ്സിംഗ് ആഫീസർക്കോ അഥവാ സർക്കാർ ഇക്കാര്യത്തിൽ പ്രത്യേകമായി അധികാരപ്പെടുത്തിയിട്ടുള്ള മറ്റേതെങ്കിലും ഒരു ഉദ്യോഗസ്ഥനോ,

(എ) 8-ാം വകുപ്പുപ്രകാരം ഏതെങ്കിലും വ്യാപാരി നൽകിയിട്ടുള്ള വിവരങ്ങളുടെ കൃത്യത പരിശോധിക്കുന്നത് ഉൾപ്പെടെയുള്ള ഈ ആക്റ്റിലെ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിന് അദ്ദേഹം ആവശ്യമെന്ന് കരുതുന്ന ഏതെങ്കിലും സ്ഥാപനത്തിലോ, സ്ഥലത്തോ ന്യായമായ ഏതൊരു സമയത്തും അദ്ദേഹത്തിന് ഉചിതമെന്ന് തോന്നുന്ന പ്രകാരമുള്ള സഹായമെന്തെങ്കിലും ഉണ്ടെങ്കിൽ അതോടുകൂടി പ്രവേശിക്കുകയും റിക്കാർഡുകൾ പരിശോധിക്കുകയും;

(ബി) നിർണ്ണയിക്കപ്പെടുന്ന മറ്റ് അധികാരങ്ങൾ വിനിയോഗിക്കുകയും ചെയ്യാവുന്നതാണ്.

16. പിരിച്ചെടുത്ത സെസ്സിന്റെ റിട്ടേൺ.—(1) ഓരോ അസസ്സിംഗ് ആഫീസറും താൻ മുൻ മാസത്തിൽ സെസ്സ് ഇനത്തിൽ പിരിച്ചെടുത്ത തുക കാണിച്ചുകൊണ്ടുള്ള ഒരു റിട്ടേൺ ബോർഡിനും, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം മറ്റ് അതോറിറ്റിക്കും മുമ്പാകെ അപ്രകാരമുള്ള ഫാറത്തിലും അപ്രകാരമുള്ള കാലയളവിനുള്ളിലും എല്ലാ മാസവും സമർപ്പിക്കേണ്ടതാണ്.

(2) ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറോ അഥവാ (1)-ാം ഉപവകുപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ള അതോറിറ്റിയോ മുൻ സാമ്പത്തിക വർഷത്തിൽ സെസ്സ് ഇനത്തിൽ പിരിച്ചെടുത്തിട്ടുള്ള മുഴുവൻ തുകയും കാണിച്ചുകൊണ്ടുള്ള ഒരു റിട്ടേൺ നിർണ്ണയിക്കപ്പെടുന്ന പ്രകാരമുള്ള ഫാറത്തിലും അപ്രകാരമുള്ള കാലയളവിനുള്ളിലും ഓരോ വർഷവും സർക്കാരിന് സമർപ്പിക്കേണ്ടതാണ്.

17. <u>അംഗത്വം</u>.—(1) പദ്ധതി പ്രാബല്യത്തിൽ വന്നശേഷം, നിർണ്ണയിക്കപ്പെടുന്ന രീതിയിലും, നിശ്ചിത തീയതിക്കകവും അർഹതയുള്ള ഓരോ തൊഴിലാളിക്കും നിധിയിലെ അംഗത്വത്തിന് അപേക്ഷിക്കാവുന്നതാണ്.

(2) നിർണ്ണയിക്കപ്പെടുന്ന രീതിയിലും, നിശ്ചിത തീയതിക്കകവും അർഹതയുള്ള ഓരോ സ്വയം തൊഴിൽ ചെയ്യുന്ന ആൾക്കും അംഗത്വത്തിന് അപേക്ഷിക്കാവുന്നതാണ്.

(3) 18 വയസ്സ് പൂർത്തിയായിട്ടുള്ളവരും, എന്നാൽ 55 വയസ്സ് പൂർത്തിയായിട്ടില്ലാത്തവരുമായ തൊഴിലാളികൾക്കും സ്വയം തൊഴിൽ ചെയ്യുന്നവർക്കും അംഗത്വത്തിന് അർഹത ഉണ്ടായിരിക്കും.

(4) അംഗത്വത്തിനുള്ള അപേക്ഷ സ്വീകരിക്കലും, തീരുമാനമെടുക്കലും, അപേക്ഷയും, അംഗങ്ങളുടെ രജിസ്ട്രേഷനും, ഫീസും നിർണ്ണയിക്കപ്പെടുന്ന രീതിയിൽ ആയിരിക്കും.

(5) അംഗത്വം നിഷേധിക്കപ്പെട്ടവർക്കുള്ള അപ്പീൽ അവകാശവും അംഗത്വം റദ്ദാക്കുന്നതും, റദ്ദായ അംഗത്വം പുനഃസ്ഥാപിക്കുന്നതും നിർണ്ണയിക്കപ്പെടുന്ന പ്രകാരമായിരിക്കുന്നതാണ്.

18. <u>പദ്ധതി ഭേദഗതി ചെയ്യൽ</u>.—(1) സർക്കാരിന്, ഗസറ്റ് വിജ്ഞാപനംവഴി, ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കപ്പെട്ട പദ്ധതിയിൽ മുൻകാലപ്രാബല്യത്തോടുകൂടിയോ പിൽക്കാലപ്രാബല്യത്തോടുകൂടിയോ എന്തെങ്കിലും കൂട്ടിച്ചേർക്കുകയോ, ഭേദഗതി വരുത്തുകയോ അല്ലെങ്കിൽ വ്യത്യാസപ്പെടുത്തുകയോ ചെയ്യാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പുപ്രകാരമുള്ള ഓരോ വിജ്ഞാപനവും അത് പുറപ്പെടുവിച്ച ശേഷം കഴിയുന്നത്ര വേഗം നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ, സഭ മുൻപാകെ ഒരു സമ്മേളനത്തിലോ, തുടർച്ചയായ രണ്ട് സമ്മേളനത്തിലോ പെടാവുന്ന ആകെ 14 ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ, ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുൻപ് നിയമസഭ, പ്രസ്തുത വിജ്ഞാപനത്തിൽ ഏതെങ്കിലും ഭേദഗതി വരുത്തുകയോ വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, വിജ്ഞാപനത്തിന് അതിനുശേഷം അതതു സംഗതിപോലെ, അപ്രകാരം ഭേദഗതി ചെയ്ത വിധത്തിൽ മാത്രം പ്രാബല്യം ഉണ്ടായിരിക്കുകയോ അഥവാ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു. എന്നിരുന്നാലും, അപ്രകാരമുള്ള ഏതെങ്കിലും ഭേദഗതി ആ വിജ്ഞാപനപ്രകാരം മുൻപ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്തവിധത്തിലായിരിക്കേണ്ടതാണ്.

19. ബോർഡിന്റെ രൂപീകരണം.—(1) സർക്കാരിന്, ഗസറ്റ് വിജ്ഞാപനംവഴി, അതിൽ പ്രത്യേകം നിർദ്ദേശിക്കാവുന്ന തീയതി മുതൽക്കുള്ള പ്രാബല്യത്തോടുകൂടി നിധിയുടെ ഭരണനിർവ്വഹണത്തിനും നടത്തിപ്പിനും നിധിയിൽനിന്നും ധനസഹായം നൽകുന്ന പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനും അവ നടപ്പിലാക്കുന്നതിനുംവേണ്ടി "കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്" എന്ന പേരിൽ ഒരു ബോർഡ് രൂപീകരിക്കാവുന്നതാണ്.

(2) ബോർഡ് ശാശ്വത പിൻതുടർച്ചാവകാശത്തോടും പൊതുമുദ്രയോടും കൂടി മേൽപ്പറഞ്ഞ പേരിലുള്ള ഒരു ഏകാംഗീകൃത നികായമായിരിക്കുന്നതും പ്രസ്തുത പേരിൽ വ്യവഹരിക്കുകയും, വ്യവഹരിക്കപ്പെടുകയും ചെയ്യേണ്ടതുമാകുന്നു.

(3) ബോർഡിൽ, ഇതിനുശേഷം വ്യവസ്ഥ ചെയ്യുന്ന പ്രകാരം സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന പന്ത്രണ്ടിൽ കവിയാത്ത അത്രയും എണ്ണം ഡയറക്ടർമാർ ഉണ്ടായിരിക്കുന്നതാണ്,—

(i) തൊഴിലാളികളെയും സ്വന്തമായി തൊഴിൽ ചെയ്യുന്നവരെയും പ്രതിനിധീകരിക്കുന്ന നാല് അംഗങ്ങൾ; ഇതിൽ രണ്ടുപേരെങ്കിലും തൊഴിലാളികളെ പ്രതിനിധീകരിക്കുന്നവരായിരിക്കണം;

(ii) വ്യാപാരികളെ പ്രതിനിധീകരിക്കുന്ന നാല് അംഗങ്ങൾ ;

(iii) സർക്കാരിനെ പ്രതിനിധീകരിക്കുന്ന നാല് അംഗങ്ങൾ .

(4) ബോർഡിന്റെ ഡയറക്ടർമാരിൽ ഒരാളെ അതിന്റെ ചെയർമാനായി സർക്കാർ നിയമിക്കേണ്ടതാണ്.

(5) ബോർഡിന്റെ ചെയർമാന്റെയും ഡയറക്ടർമാരുടേയും പേരുവിവരങ്ങൾ സർക്കാർ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

(6) ബോർഡിന്റെ ഔദ്യോഗിക കാലാവധി മൂന്ന് വർഷം ആയിരിക്കുന്നതാണ്.

(7) 6-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, സർക്കാരിന്, എപ്പോൾ വേണമെങ്കിലും കാരണങ്ങൾ രേഖപ്പെടുത്തിക്കൊണ്ട് ബോർഡിലെ ഏതൊരു ഡയറക്ടറെയും ഔദ്യോഗികസ്ഥാനത്തുനിന്നും നീക്കം ചെയ്യാവുന്നതും, അത് നിർദ്ദേശിക്കപ്പെട്ട നീക്കം ചെയ്യലിന് എതിരായ കാരണം കാണിക്കുന്നതിന് അദ്ദേഹത്തിന് ന്യായമായ ഒരു അവസരം നൽകിയതിനുശേഷം ആയിരിക്കേണ്ടതുമാണ് :

എന്നാൽ, പൊതുതാൽപര്യം പരിഗണിച്ച് കാരണങ്ങൾ ലിഖിതമായി രേഖപ്പെടുത്തുന്നതോ അങ്ങനെയുള്ള ഒരു അവസരം നൽകുന്നതോ യുക്തമല്ലെന്ന് സർക്കാരിന് അഭിപ്രായമുള്ളപക്ഷം, നീക്കം ചെയ്യുന്നതിനുള്ള കാരണം രേഖപ്പെടുത്തുകയോ നിർദ്ദിഷ്ട നീക്കം ചെയ്യലിനെതിരായി കാരണം കാണിക്കലിന് അവസരം നൽകുകയോ ചെയ്യേണ്ട ആവശ്യമില്ലാത്തതുമാകുന്നു.

(8) ഏതൊരു ഡയറക്ടർക്കും സർക്കാരിന് ലിഖിതമായ നോട്ടീസ് നൽകിക്കൊണ്ട് തന്റെ ഔദ്യോഗിക സ്ഥാനം രാജിവയ്ക്കാവുന്നതും സർക്കാർ രാജി സ്വീകരിക്കുന്ന തീയതി മുതൽ ആയത് പ്രാബല്യത്തിൽ വരുന്നതുമാണ്.

(9) ബോർഡ് അതിൽ നിക്ഷിപ്തമായിരിക്കുന്ന നിധിയുടെ കാര്യനിർവ്വഹണം പദ്ധതിയിൽ വ്യവസ്ഥ ചെയ്യുന്ന രീതിയിൽ നടത്തേണ്ടതാണ്.

(10) ബോർഡിന് സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടി, ബോർഡ് നിർദ്ദേശിക്കാവുന്ന ഏതെങ്കിലും നിയന്ത്രണങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായി, നിധിയുടെ കാര്യക്ഷമമായ നടത്തിപ്പിനും അത് ആവശ്യമെന്ന് കരുതുന്ന, ഈ ആക്റ്റോ പദ്ധതിയോ പ്രകാരമുള്ള അതിന്റെ അധികാരങ്ങളും ചുമതലകളും ബോർഡിന്റെ ചെയർമാനോ, ഏതെങ്കിലും ഡയറക്ടർക്കോ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്കോ, ബോർഡിന്റെ മറ്റേതെങ്കിലും ഓഫീസർക്കോ ഏൽപ്പിച്ചുകൊടുക്കാവുന്നതാണ്.

(11) ബോർഡിലേക്ക് ഓരോ വർഷവും അംശദായമായി പിരിഞ്ഞുകിട്ടുന്ന തുകയുടെ 10 ശതമാനംവരെ ബോർഡിലെ സ്റ്റാഫിന്റെ ശമ്പളത്തിനും മറ്റ് അംഗീകൃത ചെലവുകൾക്കുമായി വിനിയോഗിക്കാവുന്നതാണ്.

20. <u>അനൗദ്യോഗിക ഡയറക്ടർമാരെ നീക്കം ചെയ്യൽ.</u>—(1) സർക്കാരിന്, ഗസറ്റ് വിജ്ഞാപനംവഴി, ബോർഡിലെ ഏതൊരു അനൗദ്യോഗിക ഡയറക്ടറേയും ഇനി പറയുന്ന കാരണങ്ങളിൻമേൽ ഔദ്യോഗിക സ്ഥാനത്തുനിന്നും നീക്കം ചെയ്യാവുന്നതാണ്.—

(എ) അദ്ദേഹം ബോർഡിന്റെ അനുവാദം കൂടാതെ തുടർച്ചയായി ബോർഡിന്റെ മൂന്നു യോഗങ്ങളിൽ ഹാജരാകാതിരിക്കുകയാണെങ്കിൽ :

എന്നാൽ, ഗസറ്റിൽ വിജ്ഞാപനം പ്രസിദ്ധപ്പെടുത്തുന്നതിനുമുൻപ് ബോർഡിന് അപ്രകാരമുള്ള ഹാജരാകാതിരിക്കൽ മതിയായ കാരണങ്ങളാൽ മാപ്പാക്കാവുന്നതാണ് ; അല്ലെങ്കിൽ

(ബി) അദ്ദേഹം ഡയറക്ടറായി പ്രവർത്തിക്കുന്നതിന് യോഗ്യനല്ലെന്നോ, കഴിവില്ലാത്തവനായി തീർന്നുവെന്നോ, അദ്ദേഹം പൊതുതാൽപര്യത്തിന് ഹാനികരമായി തീരത്തക്കവിധം തന്റെ ഡയറക്ടർ പദവി ദുരുപയോഗപ്പെടുത്തിയിട്ടുണ്ടെന്നോ സർക്കാരിന് അഭിപ്രായമുള്ളപക്ഷം :

എന്നാൽ, ഈ ഉപവകുപ്പുപ്രകാരം ഒരു ഡയറക്ടറെ നീക്കം ചെയ്യുന്നതിന് മുൻപായി അദ്ദേഹത്തെ നീക്കം ചെയ്യാതിരിക്കുന്നതിനുള്ള കാരണം കാണിക്കുന്നതിന് അദ്ദേഹത്തിന് ന്യായമായ ഒരവസരം നൽകേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പ് (എ) ഖണ്ഡപ്രകാരം നീക്കം ചെയ്യപ്പെട്ട ബോർഡിലെ ഒരു അനൗദ്യോഗിക ഡയറക്ടർ, മറ്റുവിധത്തിൽ സർക്കാർ ഉത്തരവാകാത്തപക്ഷം, അദ്ദേഹത്തെ നീക്കം ചെയ്ത തീയതി മുതൽ മൂന്നു വർഷക്കാലത്തേക്ക് ബോർഡിലെ ഡയറക്ടറായി വീണ്ടും നിയമിക്കപ്പെടുന്നതിന് അയോഗ്യനായിരിക്കുന്നതാണ്.

21. ഉദ്യോഗസ്ഥൻമാരുടെയും ജീവനക്കാരുടെയും നിയമനം.—(1) സർക്കാരിന്, ഈ ആക്റ്റ് പ്രകാരമുള്ള ബോർഡിന്റെ ചുമതലകളും കർത്തവ്യങ്ങളും നിർവ്വഹിക്കുന്നതിന് ബോർഡിനെ സഹായിക്കുവാൻ ആക്റ്റിലെ 6-ാം വകുപ്പ് പ്രകാരം നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥർക്ക് പുറമെ ഒരു ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെയും ആവശ്യമെന്ന് കരുതാവുന്നത്ര മറ്റ് ഉദ്യോഗസ്ഥൻമാരെയും ജീവനക്കാരെയും നിയമിക്കാവുന്നതാണ്.

(2) (3)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി (1)-ാം ഉപവകുപ്പ് പ്രകാരം നിയമിക്കപ്പെട്ട ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെയും മറ്റു ഉദ്യോഗസ്ഥൻമാരുടെയും ജീവനക്കാരുടെയും നിയമന രീതിയും ശമ്പളവും അലവൻസുകളും അച്ചടക്കവ്യവസ്ഥകളും മറ്റ് സേവന വ്യവസ്ഥകളും സർക്കാർ നിർണ്ണയിക്കപ്പെടുന്ന പ്രകാരമായിരിക്കുന്നതാണ്.

(3) ബോർഡിലെ തസ്തികകളിലേക്ക് നേരിട്ട് നിയമനം നടത്തുന്ന സംഗതിയിൽ അതത് സമയം ഭേദഗതി ചെയ്ത പ്രകാരമുള്ള 1958-ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസിലെ ഒന്നാം ഭാഗത്തിലെ 14 മുതൽ 17 വരെ ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കേണ്ടതാണ്.

22. കടം വാങ്ങുന്നതിനുള്ള ബോർഡിന്റെ അധികാരം.—ബോർഡിന് സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടും, സർക്കാർ നിർദ്ദേശിക്കുന്ന നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായും പദ്ധതിയുടെ ആവശ്യങ്ങൾക്കുവേണ്ടി, കാലാകാലങ്ങളിൽ, പണം കടം വാങ്ങാവുന്നതാണ്.

23. കിട്ടേണ്ട തുക തീരുമാനിക്കൽ.—(1) ചീഫ് എക്സിക്യൂട്ടീവ് ഓഫീസറോ ഇതിനുവേണ്ടി ബോർഡ് അധികാരപ്പെടുത്തുന്ന മറ്റേതെങ്കിലും ഉദ്യോഗസ്ഥനോ, ആവശ്യമായ അന്വേഷണം നടത്തിയതിനുശേഷവും 4-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം അംശദായം നൽകാൻ ബാദ്ധ്യസ്ഥനായ ഓരോ ആളിനും പറയാനുള്ളത് പറയാൻ അവസരം നൽകിയതിനുശേഷവും, ഈ ആക്റ്റിലെയോ, പദ്ധതിയിലെയോ വ്യവസ്ഥകൾ പ്രകാരം കിട്ടേണ്ട അംശദായം ഉത്തരവുമൂലം തിട്ടപ്പെടുത്താവുന്നതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം അന്വേഷണം നടത്തുന്ന ഒരു ഉദ്യോഗസ്ഥന് അപ്രകാരമുള്ള അന്വേഷണങ്ങൾക്ക് 9-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരമുള്ള അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

(3) (1)-ാം ഉപവകുപ്പ് പ്രകാരം നിശ്ചയിച്ച ഏതൊരു തുകയും നിർദ്ദേശിച്ച പ്രകാരം നിധിയിലേക്ക് നൽകാത്ത സാഹചര്യത്തിൽ ഭൂമിയിൽനിന്നുള്ള നികുതി കുടിശ്ശിക എന്നതുപോലെ ഈടാക്കാവുന്നതാണ്.

(4) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള ഒരു ഉത്തരവിന്മേൽ പരാതിയുള്ള ഏതൊരാൾക്കും, ഉത്തരവ് കിട്ടിയ തീയതി മുതൽ 60 ദിവസത്തിനകം ഇതിലേക്കായി സർക്കാർ അധികാരപ്പെടുത്തിയ തൊഴിൽ വകുപ്പിലെ ജില്ലാ ലേബർ ഓഫീസറുടെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ മുൻപാകെ അപ്പീൽ ബോധിപ്പിക്കാവുന്നതും അപ്രകാരമുള്ള ഉദ്യോഗസ്ഥൻ അപ്പീലിന്മേൽ ആവശ്യമായ അന്വേഷണം നടത്തിയതിനുശേഷം ഹർജിക്കാരന്, പറയുവാനുള്ളത് കേൾക്കുവാൻ അവസരം നൽകിയശേഷം അദ്ദേഹത്തിന് യുക്തമെന്ന് തോന്നുന്ന പ്രകാരമുള്ള ഉത്തരവുകൾ അപ്പീൽ ലഭിച്ച് 45 ദിവസത്തിനകം പാസാക്കാവുന്നതുമാണ്.

(5) സർക്കാരിന്, സ്വമേധയായോ അല്ലെങ്കിൽ പരാതിക്കാരന്റെ അപേക്ഷയിന്മേലോ, (4)-ാം ഉപവകുപ്പ് പ്രകാരം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ ഏതെങ്കിലും നടപടികളുടെ രേഖകൾ ആവശ്യപ്പെടാവുന്നതും സർക്കാരിന് യുക്തമെന്ന് തോന്നുന്ന പ്രകാരമുള്ള അന്വേഷണം നടത്താവുന്നതും ഉത്തരവുകൾ പാസാക്കാവുന്നതുമാണ്.

എന്നാൽ, ഈ ഉപവകുപ്പ് പ്രകാരമുള്ള റിവിഷനുവേണ്ടിയുള്ള അപേക്ഷ അപേക്ഷകൻ ഉത്തരവ് ലഭിച്ച തീയതി മുതൽ 30 ദിവസത്തിനകം നൽകേണ്ടതാണ്:

എന്നുമാത്രമല്ല, ബാധകമായേക്കാവുന്ന ആളുകൾക്ക് പറയാനുള്ളത് പറയുവാൻ ഒരവസരം നൽകാതെ യാതൊരു ഉത്തരവും ഈ ഉപവകുപ്പ് പ്രകാരം പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

24. <u>മറ്റ് കടങ്ങളേക്കാൾ അംശദായം, സെസ്സ് എന്നിവ നൽകുന്നതിന് മുൻഗണന.</u>—5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം സെസ്സ് നൽകാൻ ബാദ്ധ്യസ്ഥനായിട്ടുള്ള വ്യാപാരി പാപ്പരാണെന്ന് വിധിക്കപ്പെടുകയോ, അല്ലെങ്കിൽ അപ്രകാരമുള്ള വ്യാപാരി ഒരു കമ്പനി ആയിരിക്കുകയും അത് വൈൻഡ് അപ്പ് ചെയ്യുന്നതു സംബന്ധിച്ചുള്ള ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്യുന്ന സംഗതിയിൽ, ഈ ആക്റ്റോ പദ്ധതിയോ അനുസരിച്ച് അപ്രകാരമുള്ള വ്യാപാരിയിൽനിന്ന് കിട്ടാനുള്ള തുക സംബന്ധിച്ച ബാദ്ധ്യത, പാപ്പരായി വിധിക്കപ്പെട്ടത് സംബന്ധിച്ചോ വൈൻഡ് അപ്പ് ചെയ്യുന്നത് സംബന്ധിച്ചോ ഉള്ള ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മുമ്പുള്ളതാണെങ്കിൽ 1955-ലെ ഇൻസോൾവൻസി ആക്റ്റ് (1956-ലെ 2) 64-ാം വകുപ്പ് പ്രകാരമോ 1956-ലെ കമ്പനി ആക്റ്റ് (1956-ലെ 1-ാം കേന്ദ്ര ആക്റ്റ്) 530-ാം വകുപ്പ് പ്രകാരമോ, അതത് സംഗതിപോലെ പാപ്പരായ ആളിന്റെ വസ്തുവകകളോ അഥവാ വൈൻഡ് അപ്പ് ചെയ്യപ്പെടുന്ന കമ്പനികളുടെ ആസ്തികളോ വീതിച്ചു നൽകുമ്പോൾ മറ്റെല്ലാ കടങ്ങൾക്കും മേൽ മുൻഗണന നൽകി കൊടുത്തുതീർക്കേണ്ടതായ കടങ്ങളിൽ ഉൾപ്പെട്ടതായി കരുതപ്പെടേണ്ടതാകുന്നു.

25. <u>ബോർഡിന്റെ ഡയറക്ടർമാർ മുതലായവർ പബ്ളിക് സെർവന്റുമാർ ആയിരിക്കണമെന്ന്.</u>—ബോർഡിന്റെ ഓരോ ഡയറക്ടറും 21-ാം വകുപ്പ് (1)-ാം ഉപവകുപ്പ് അനുസരിച്ച് നിയമിക്കപ്പെട്ട ചീഫ് എക്സിക്യൂട്ടീവ് ഓഫീസറും ബോർഡിലെ മറ്റ് ഓരോ ഉദ്യോഗസ്ഥനും ജീവനക്കാരനും 1860-ലെ ഇൻഡ്യൻ ശിക്ഷാനിയമസംഹിത (1860-ലെ 45-ാം കേന്ദ്ര ആക്റ്റ്)-യിലെ 21-ാം വകുപ്പിന്റെ അർത്ഥവ്യാപ്തിയിൽ വരുന്ന ഒരു പബ്ലിക് സർവന്റായി കണക്കാക്കപ്പെടുന്നതാണ്.

26. <u>ശിക്ഷ.</u>—(1) ഈ ആക്റ്റോ, ചട്ടങ്ങളോ, പദ്ധതിയോ പ്രകാരം താൻ നൽകേണ്ടതായ ഏതെങ്കിലും തുക നൽകുന്നതിൽനിന്ന് ഒഴിവാകുന്നതിന് വേണ്ടിയോ അഥവാ മറ്റേതെങ്കിലും ആളെ അപ്രകാരം പണം നൽകുന്നതിൽനിന്ന് ഒഴിവാക്കുന്നതിനോ സഹായിക്കുന്നതിനോ വേണ്ടിയോ അറിഞ്ഞുകൊണ്ട് ഏതെങ്കിലും വ്യാജമായ പ്രസ്താവന നടത്തുകയോ, തെറ്റായി ധരിപ്പിക്കുകയോ, വ്യാജമായി നിവേദനം നടത്തുകയോ ചെയ്യുന്ന ഏതൊരാളും മൂന്നുമാസക്കാലംവരെയാകാവുന്ന തടവോ അല്ലെങ്കിൽ അയ്യായിരം രൂപ വരെയാകാവുന്നതും എന്നാൽ മൂവായിരം രൂപയിൽ കുറയാത്തതുമായ പിഴയോ ഇവ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

(2) ഈ ആക്റ്റിലെയോ ചട്ടങ്ങളിലേയോ പദ്ധതിയിലേയോ ഏതെങ്കിലും വ്യവസ്ഥകൾ ലംഘിക്കുകയോ അഥവാ അതനുസരിച്ച് പ്രവർത്തിക്കുന്നതിൽ വീഴ്ച വരുത്തുകയോ ചെയ്യുന്ന ഏതൊരാളും അപ്രകാരമുള്ള ലംഘനത്തിനോ, വീഴ്ചവരുത്തലിനോ, ഈ ആക്റ്റ് പ്രകാരമോ, അതിൻകീഴിലോ, മറ്റൊരിടത്തും മറ്റു വിധത്തിലുള്ള ശിക്ഷയ്ക്ക് വ്യവസ്ഥ ചെയ്തിട്ടില്ലാത്ത പക്ഷം ഒരു മാസക്കാലംവരെയാകാവുന്ന തടവോ അല്ലെങ്കിൽ മൂവായിരം രൂപ വരെയാകാവുന്നതും എന്നാൽ ആയിരം രൂപയിൽ കുറയാത്തതുമായ പിഴയോ, ഇവ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

(3) ഈ ആക്റ്റ് പ്രകാരം ശിക്ഷാർഹമായ ഏതൊരു കുറ്റവും ഒന്നാം ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിൽ വിചാരണ ചെയ്യാവുന്നതാണ്.

(4) ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ മുൻകൂട്ടിയുള്ള അനുവാദത്തോടുകൂടി നൽകിയ അങ്ങനെയുള്ള കുറ്റം സംബന്ധിച്ച രേഖാമൂലമായ ഒരു പരാതിയിന്മേലല്ലാതെ ഈ ആക്റ്റ് പ്രകാരം ശിക്ഷാർഹമായ ഒരു കുറ്റം യാതൊരു കോടതിയും വിചാരണ ചെയ്യാൻ പാടില്ലാത്തതാകുന്നു.

27. രണ്ടാമതോ തുടർന്നോ ചെയ്യുന്ന കുറ്റത്തിന് വർദ്ധിച്ച ശിക്ഷ.—ഈ ആക്റ്റ് പ്രകാരം ശിക്ഷാർഹമായ ഒരു കുറ്റം ചെയ്തതായി കോടതി വിധിച്ചിട്ടുള്ള ഏതൊരാളും അതേ കുറ്റം വീണ്ടും ചെയ്യുന്നതായാൽ അപ്രകാരം ചെയ്യുന്ന ഓരോ കുറ്റത്തിനും ഒരു വർഷം വരെയാകാവുന്നതും എന്നാൽ ഒരു മാസത്തിൽ കുറയാൻ പാടില്ലാത്തതുമായ തടവോ ഇരുപത്തയ്യായിരം രൂപ വരെയാകാവുന്നതും എന്നാൽ പതിനായിരം രൂപയിൽ കുറയാത്തതുമായ പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

28. കമ്പനി ചെയ്യുന്ന കുറ്റങ്ങൾ.—(1) ഈ ആക്റ്റ് പ്രകാരമുള്ള ഒരു കുറ്റം കമ്പനിയാണ് ചെയ്തിട്ടുള്ളതെങ്കിൽ കുറ്റം ചെയ്ത സമയത്ത് കമ്പനിയുടെ ചാർജ്ജ് വഹിച്ചിരുന്നതും കമ്പനിയുടെ കാര്യനിർവ്വഹണത്തിൽ കമ്പനിയോട് ഉത്തരവാദിത്വമുണ്ടായിരുന്നതുമായ ഓരോ ആളും ആ കമ്പനിയും കുറ്റക്കാരായി കരുതപ്പെടേണ്ടതും ശിക്ഷിക്കപ്പെടേണ്ടതുമാണ്:

എന്നാൽ, ഈ വകുപ്പിൽ അടങ്ങിയിട്ടുള്ള യാതൊന്നും, കുറ്റം ചെയ്തത് തന്റെ അറിവോടുകൂടി അല്ലെന്നും അങ്ങനെയുള്ള കുറ്റം ചെയ്യുന്നത് തടയാൻ താൻ വേണ്ടത്ര ശ്രദ്ധ ചെലുത്തിയിരുന്നുവെന്നും അയാൾ തെളിയിക്കുന്നപക്ഷം അങ്ങനെയുള്ള ആളിനെ ഏതെങ്കിലും ശിക്ഷയ്ക്ക് വിധേയനാക്കാവുന്നതല്ല.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റ് പ്രകാരമുള്ള ഒരു കുറ്റം ഒരു കമ്പനി ചെയ്തിരിക്കുകയും കുറ്റം ചെയ്തത് കമ്പനിയുടെ ഏതെങ്കിലും ഉദ്യോഗസ്ഥന്റെ സമ്മതത്തോടുകൂടിയോ മൗനാനുവാദത്തോടുകൂടിയോ അഥവാ അയാളുടെ ഭാഗത്തുള്ള മനഃപൂർവ്വമായ ഉപേക്ഷയോമൂലമാണെന്ന് തെളിയിക്കപ്പെടുന്നപക്ഷം കമ്പനിയുടെ അങ്ങനെയുള്ള ഉദ്യോഗസ്ഥൻ ആ കുറ്റം ചെയ്തതായി കണക്കാക്കപ്പെടേണ്ടതും ശിക്ഷിക്കപ്പെടുന്നതുമാണ്.

വിശദീകരണം:—ഈ വകുപ്പിന്റെ ആവശ്യത്തിലേക്ക്,—

(എ) "കമ്പനി" എന്നാൽ, 1956-ലെ കമ്പനി ആക്റ്റിന്റെ (1956-ലെ 1-ാം കേന്ദ്ര ആക്റ്റ്) 3-ാം വകുപ്പിൽ നിർവ്വചിച്ച പ്രകാരമുള്ള ഒരു കമ്പനി എന്നർത്ഥമാകുന്നതും അതിൽ ഒരു സ്ഥാപനമോ ഒരു സഹകരണ സംഘമോ അല്ലെങ്കിൽ വ്യക്തികളുടെ മറ്റ് സമാജമോ ഉൾപ്പെടുന്നതും ആകുന്നു ;

(ബി) "കമ്പനി ഉദ്യോഗസ്ഥൻ" എന്നാൽ, കമ്പനിയുടെ മാനേജിംഗ് ഡയറക്ടറോ, ഡയറക്ടറോ, ട്രഷററോ, മാനേജരോ എന്നർത്ഥമാകുന്നതും അതിൽ ഒരു സ്ഥാപനത്തിന്റെയോ, സഹകരണ സംഘത്തിന്റെയോ വ്യക്തികളുടെ മറ്റ് സമാജത്തിന്റെയോ ഔദ്യോഗിക ഭാരവാഹികൾ ഉൾപ്പെടുന്നതുമാകുന്നു ;

(സി) ഒരു സ്ഥാപനത്തിനെ സംബന്ധിച്ച് "ഡയറക്ടർ" എന്നാൽ, ആ സ്ഥാപനത്തിലെ ഒരു പാർട്ട്നർ എന്നർത്ഥമാകുന്നു.

29. നഷ്ടപരിഹാരം വസൂലാക്കുന്നതിനുള്ള അധികാരം.—ഈ ആക്റ്റോ, പദ്ധതിയോ, ചട്ടങ്ങളോ പ്രകാരം നിധിയിലേക്ക് ഏതെങ്കിലും അംശദായം നൽകുന്നതിൽ ഏതെങ്കിലും ആൾ വീഴ്ച വരുത്തുന്നിടത്ത് ബോർഡിന് കുടിശ്ശിക തുക 18 ശതമാനം പലിശ സഹിതം അയാളിൽനിന്നും വസൂലാക്കാവുന്നതാണ്.

30. ഉത്തമവിശ്വാസപൂർവ്വം ചെയ്ത പ്രവൃത്തികൾക്ക് സംരക്ഷണം.—ഈ ആക്റ്റ് പ്രകാരമോ, പദ്ധതി പ്രകാരമോ, ഉത്തമവിശ്വാസപൂർവ്വം ചെയ്തതോ, ചെയ്യാനുദ്ദേശിച്ചതോ ആയ ഏതെങ്കിലും കാര്യം സംബന്ധിച്ച് ബോർഡിലെ ഏതെങ്കിലും ഡയറക്ടർക്കോ മറ്റേതെങ്കിലും ആളിനോ എതിരായി യാതൊരു വ്യവഹാരമോ മറ്റ് നിയമ നടപടിയോ നിലനിൽക്കുന്നതല്ല.

31. സർക്കാർ നൽകുന്ന നിർദ്ദേശങ്ങൾ.—(1) സർക്കാരിന് ബോർഡുമായി ആലോചിച്ചശേഷം, ബോർഡ് അനുവർത്തിക്കേണ്ട കാര്യങ്ങൾ സംബന്ധിച്ച നിർദ്ദേശങ്ങൾ ബോർഡിന് നൽകാവുന്നതാണ്.

(2) ബോർഡ് ഈ ആക്റ്റ് പ്രകാരമുള്ള അതിന്റെ അധികാരങ്ങൾ വിനിയോഗിക്കുകയും കർത്തവ്യങ്ങൾ നിർവ്വഹിക്കുകയും ചെയ്യുമ്പോൾ സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുവാദത്തോടുകൂടിയല്ലാതെ (1)-ാം ഉപവകുപ്പ് പ്രകാരം നൽകപ്പെട്ടിട്ടുള്ള ഏതെങ്കിലും നിർദ്ദേശങ്ങളിൽനിന്നും വ്യതിചലിക്കാൻ പാടുള്ളതല്ല.

32. അന്വേഷണത്തിനുവേണ്ടി ഉത്തരവ് പുറപ്പെടുവിക്കാനുള്ള അധികാരം.—(1) സർക്കാരിന്, ഏതുസമയത്തും ബോർഡിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സർക്കാരിന്റെ ഡെപ്യൂട്ടി സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത ഏതെങ്കിലും ഉദ്യോഗസ്ഥനെ നിയമിക്കാവുന്നതാണ്.

(2) അപ്രകാരം നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥന്, അന്വേഷണം ശരിയായ രീതിയിൽ നടത്തുന്നതിനുവേണ്ട എല്ലാ സൗകര്യങ്ങളും ബോർഡ് ഏർപ്പെടുത്തിക്കൊടുക്കുകയും അദ്ദേഹം ആവശ്യപ്പെടുന്ന ബോർഡിന്റെ കൈവശമുള്ള രേഖകളും കണക്കുകളും വിവരങ്ങളും നൽകുകയും ചെയ്യേണ്ടതാണ്.

33. ബോർഡിനെ അതിലംഘിക്കാനുള്ള അധികാരം.—(1) 32-ാം വകുപ്പ് പ്രകാരമുള്ള അന്വേഷണ റിപ്പോർട്ട് പരിഗണിച്ചശേഷമോ അല്ലെങ്കിൽ മറ്റുവിധത്തിലോ ബോർഡ്, ഈ ആക്റ്റിലെയോ, പദ്ധതിയിലേയോ വ്യവസ്ഥകൾ പ്രകാരമോ അതിൻ കീഴിലോ, അതിൻമേൽ ചുമത്തപ്പെട്ടിട്ടുള്ള കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിൽ തുടർച്ചയായി വീഴ്ച വരുത്തുകയോ അല്ലെങ്കിൽ അതിന്റെ അധികാരങ്ങൾ അതിലംഘിക്കുകയോ ദുരുപയോഗപ്പെടുത്തുകയോ ചെയ്തിട്ടുണ്ടെന്ന് സർക്കാരിന് അഭിപ്രായമുള്ള പക്ഷം സർക്കാരിന്, ഗസറ്റ് വിജ്ഞാപനംമൂലം വിജ്ഞാപനത്തിൽ പ്രത്യേകം പറയുന്ന ആറ് മാസത്തിൽ കവിയാത്ത കാലയളവിലേക്ക് ബോർഡിനെ അതിലംഘിക്കാവുന്നതാണ്:

എന്നാൽ, ഈ ഉപവകുപ്പ് പ്രകാരമുള്ള ഒരു വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് മുൻപ് ബോർഡിന് അതിനെ അതിലംഘിക്കാതിരിക്കാൻ കാരണം കാണിക്കുന്നതിന് ന്യായമായ അവസരം സർക്കാർ നൽകേണ്ടതും ബോർഡിന്റെ വിശദീകരണങ്ങളും ആക്ഷേപങ്ങളും എന്തെങ്കിലും ഉണ്ടെങ്കിൽ അവ പരിഗണിക്കേണ്ടതും ആണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള ഒരു വിജ്ഞാപനം പ്രസിദ്ധപ്പെടുത്തുന്നതോടെ,—

(എ) ബോർഡിലെ എല്ലാ ഡയറക്ടർമാരും, അപ്രകാരമുള്ള പ്രസിദ്ധീകരണ തീയതി മുതൽ, ഡയറക്ടർമാരെന്ന നിലയിലുള്ള അവരുടെ ഔദ്യോഗിക സ്ഥാനം ഒഴിഞ്ഞതായി കരുതപ്പെടേണ്ടതും ;

(ബി) ബോർഡ് വിനിയോഗിക്കുകയോ, നിർവ്വഹിക്കുകയോ ചെയ്യുമായിരുന്ന എല്ലാ അധികാരങ്ങളും കർത്തവ്യങ്ങളും അതിലംഘിക്കപ്പെട്ടിരിക്കുന്ന കാലയളവിൽ വിജ്ഞാപനത്തിൽ, വിനിർദ്ദേശിക്കാവുന്ന പ്രകാരമുള്ള ഉദ്യോഗസ്ഥനോ, ഉദ്യോഗസ്ഥൻമാരോ വിനിയോഗിക്കുകയോ, നിർവ്വഹിക്കുകയോ ചെയ്യേണ്ടതും ;

(സി) ബോർഡിൽ നിക്ഷിപ്തമായ എല്ലാ ഫണ്ടുകളും മറ്റ് വസ്തുവകകളും അതിലംഘിക്കപ്പെട്ടിരിക്കുന്ന കാലയളവിൽ സർക്കാരിൽ നിക്ഷിപ്തമായിരിക്കുന്നതും, ആണ്.

37. *Special provisions for transfer of accumulations from the existing Welfare Funds.*—The sums standing to the credit of member in any existing Welfare Fund on the date of commencement of this Act shall stand transferred to and credited to the Fund established under this Act and the liability of such member to pay contribution to such Welfare Fund shall cease from such date.

38. *Removal of difficulties.*—(1) If any difficulty arises in giving effect to the provisions of this Act, the Government may, by order, in accordance with the occasion do anything not inconsistent with the provisions of the Act and which are considered necessary for the purpose of removing such difficulties:

Provided that no such order shall be passed after the expiry of two years from the date of commencement of this Act.

(2) Every order passed under sub-section (1) shall be laid before the first session of the Legislative Assembly after the order is passed.

39. *Power to make rules.*—(1) The Government may, by notification in the Gazette, make rules either retrospectively or prospectively for the purpose of carrying into effect the provisions of this Act.

(2) Every rule made under this Act shall be laid as soon as may be after it is made, before the Legislative Assembly while it is in session for a total period of 14 days which may be comprised in one session or in two successive sessions, and if, before the expiry of the session in which it is so laid or the session immediately following, the Legislative Assembly makes any amendment in the rule or decides that the rule should not be made the rule shall thereafter have effect only in such amended form or be of no effect as the case may be; so however that any such amendment or annulment shall be without prejudice to the validity of anything previously done under that rule.

## SCHEDULE

[*See* section 3(2)]

## MATTERS FOR WHICH PROVISION MAY BE MADE IN THE SCHEME

1. Registration of employees and self-employed persons.
2. The time and manner in which contribution shall be made to the Fund by the workers and self-employed persons under section 4 and the manner in which the same may be recovered and the procedure for obtaining Government contribution to the Fund.
3. More informations regarding the recovery of Cess under section 5 and Assessment of Cess, Recovery, Appeal and Maintenance of Registers.
4. Procedure of Board Meeting.
5. Constitution of any sub-committee for assisting the Board and Procedure of sub-committee.

6. The manner in which accounts shall be kept, the investment of money belonging to the Fund in accordance with any directions issued or conditions specified by the Government, the preparation of Budget, the audit of accounts and the submission of reports to Government etc.

7. The conditions under which withdrawals from the Fund may be permitted, any deduction or forfeiture may be made and the maximum amount of such deduction or forfeiture.

8. The form in which a member shall furnish particulars about himself and his family, whenever required.

9. The procedure for the nomination of a person to receive any family pension and other benefits of a member on his death and the cancellation or variation of such nomination.

10. The registers and records to be maintained with respect to members and the returns to be furnished by the dealer.

11. The form or design of identity card for the purpose of identifying a member of the Fund and their issue, custody and replacement thereof.

12. The fees to be levied for any of the purposes specified in the Act.

13. The further powers, if any, which may be exercised by the officers and assessing officers under this Act.

14. The Fund may be utilised for any of the matters of welfare of the workers or self-employed persons or their dependants and its procedures.

15. The manner in which the sums transferred under section 37 is to be credited to the Fund.

16. The procedure for defraying the expenditure including administrative expenditure incurred in the administration of the Fund.

17. Procedure for paying grants, loans etc. from the Fund.

18. The procedure for payment of pension, Family Pension, Death/ Retirement benefits, other benefits and refund of contribution, etc. from the Fund.

19. Any other matter which is to be provided for in the Scheme or which may be necessary or proper for the purpose of implementing the Scheme.

©
കേരള സർക്കാർ
Government of Kerala
2019

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.Kl/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 8<br>Vol. VIII | തിരുവനന്തപുരം,<br>ശനി<br><br>Thiruvananthapuram,<br>Saturday | 2019 ഡിസംബർ 07<br>07th December 2019<br>1195 വൃശ്ചികം 21<br>21st Vrishchikam 1195<br>1941 അഗ്രഹായനം 16<br>16th Agrahayana 1941 | നമ്പർ<br>No. | 3011 |

കേരള സർക്കാർ
<u>നിയമ (നിയമ നിർമ്മാണ-സി) വകുപ്പ്</u>

### വിജ്ഞാപനം

നം. 22993/ലെഗ്.സി2/2018/നിയമം

*തിരുവനന്തപുരം, 2019 ഡിസംബർ 7*
*1195 വൃശ്ചികം 21*
*1941 അഗ്രഹായനം 16.*

കേരള സംസ്ഥാന നിയമസഭയുടെ താഴെപ്പറയുന്ന ആക്റ്റ് പൊതുജനങ്ങളുടെ അറിവിലേക്കായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു. നിയമസഭ പാസ്സാക്കിയ പ്രകാരമുള്ള ബില്ലിന് 2019 ഡിസംബർ 6-ാം തീയതി ഗവർണ്ണറുടെ അനുമതി ലഭിച്ചു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

അരവിന്ദ ബാബു. പി. കെ.,
*നിയമ സെക്രട്ടറി.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## 2019-ലെ 17-ാം ആക്റ്റ്

## 2019-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ആക്റ്റ്

2009-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി

ആക്റ്റ് ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ആക്റ്റ്

പീഠിക.—2009-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ആക്റ്റ് (2009-ലെ 26) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപതാം സംവൽസരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2019-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2019 ഏപ്രിൽ 1-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 2-ാം വകുപ്പിനുള്ള ഭേദഗതി.—2009-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ആക്റ്റിലെ (2009-ലെ 26) (ഇതിനു ശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക.) 2-ാം വകുപ്പ് (ആർ) ഖണ്ഡത്തിൽ "സംസ്ഥാനത്ത് നടക്കുന്ന ക്രയവിക്രയങ്ങളുടെ" എന്ന വാക്കിന് പകരം "സംസ്ഥാനത്ത് വ്യാപാരി, ഉപഭോക്താവിന് നടത്തുന്ന അന്തിമ വിൽപ്പനയുടെ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

3. 5-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ,—

(i) " 0.25%" എന്ന അക്കങ്ങൾക്കും ചിഹ്നങ്ങൾക്കും പകരം "0.1%" എന്ന അക്കങ്ങളും ചിഹ്നങ്ങളും ചേർക്കേണ്ടതാണ്;

(ii) "പത്ത് ലക്ഷം" എന്ന വാക്കുകൾക്ക് പകരം "ഇരുപത് ലക്ഷം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

4. റദ്ദാക്കലും ഒഴിവാക്കലും.—(1) 2019-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ഓർഡിനൻസ് (2019-ലെ 38) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ, ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

GOVERNMENT OF KERALA
**Law (Legislation-C) Department**
NOTIFICATION

No. 22993/Leg.C2/2018/Law. *Dated, Thiruvananthapuram 7th December, 2019*
*21st Vrischikam, 1195*
*16thAgrahayana, 1941.*

In pursuance of clause (3) of Article 348 of the Constitution of India, the Governor of Kerala is pleased to authorise the publication in the Gazette of the following translation in English language of the Kerala Jewellery Workers' Welfare Fund (Amendment) Act, 2019 (17 of 2019).

By order of the Governor,

ARAVINTHA BABU. P. K.,
*Law Secretary.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

[Translation in English of "2019-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ആക്റ്റ്" published under the authority of the Governor.]

## ACT 17 OF 2019

## THE KERALA JEWELLERY WORKERS' WELFARE FUND (AMENDMENT) ACT, 2019

*An Act to amend the Kerala Jewellery Workers' Welfare Fund Act, 2009.*

*Preamble.*—WHEREAS, it is expedient to amend the Kerala Jewellery Workers' Welfare Fund Act, 2009 (26 of 2009) for the purposes hereinafter appearing;

BE it enacted in the Seventieth Year of the Republic of India, as follows: —

1. *Short title and commencement.*—(1) This Act may be called the Kerala Jewellery Workers' Welfare Fund (Amendment) Act, 2019.

(2) It shall be deemed to have come into force on the 1st day of April, 2019.

2. *Amendment of section 2.*—In the Kerala Jewellery Workers' Welfare Fund Act, 2009 (26 of 2009) (hereinafter referred to as principal Act), in clause (r) of section 2,—

(i) for the words "buying and selling" the words "final sale" shall be substituted;

(ii) after the words "processing or its alloy or products" the words "made by the dealer to the consumer" shall be inserted.

3. *Amendment of section 5.*—In sub-section (1) of section 5 of the principal Act,—

(i) for the figures and symbols "0.25%", the figures and symbols "0.1%" shall be substituted;

(ii) for the words "ten lakh", the words "twenty lakh" shall be substituted.

4. *Repeal and saving.*—(1) The Kerala Jewellery Workers' Welfare Fund (Amendment) Ordinance, 2019 (38 of 2019) is hereby repealed.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(2) Notwithstanding such repeal, anything done or any action taken under the principal Act as amended by the said Ordinance shall be deemed to have been done or taken under the principal Act as amended by this Act.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESS
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2019

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by SHEELA
Date 2019 12 07 10 00 03

# കേരള സർക്കാർ

## തൊഴിലും പുനരധിവാസവും (ജെ) വകുപ്പ്

## വിജ്ഞാപനം

ജി. ഒ. (പി) നമ്പർ 6/2008/തൊഴിൽ. തിരുവനന്തപുരം, 2008 ജനുവരി 4.

**എസ്. ആർ. ഒ. നമ്പർ 28/2008.**—2007-ലെ കേരള കൈത്തറി തൊഴിലാളി ക്ഷേമ സെസ്സ് ആക്ട് (2007-ലെ 10) 18-ാം വകുപ്പിലെ (1)-ാം ഉപവകുപ്പുപ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള സർക്കാർ താഴെപ്പറയുന്ന ചട്ടങ്ങൾ ഉണ്ടാക്കുന്നു, അതായത്:—

## ചട്ടങ്ങൾ

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ചട്ടങ്ങൾക്ക് '2008-ലെ കേരള കൈത്തറി തൊഴിലാളി ക്ഷേമ സെസ്സ് ചട്ടങ്ങൾ' എന്ന് പേർ പറയാം.

(2) ഇവ ഉടനടി പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—(1) ഈ ചട്ടങ്ങളിൽ, സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(എ) 'ആക്ട്' എന്നാൽ 2007-ലെ കേരള കൈത്തറി തൊഴിലാളി ക്ഷേമ സെസ്സ് ആക്ട് (2007-ലെ 10) എന്നർത്ഥമാക്കുന്നു;

(ബി) 'അതോറിറ്റി' എന്നാൽ ആക്ടിലെ 14 (1) വകുപ്പുപ്രകാരം വിജ്ഞാപനം വഴി നിശ്ചയിക്കുന്ന അതോറിറ്റി എന്നർത്ഥമാകുന്നു;

(സി) 'സ്ഥാപനം' എന്നാൽ, നൂലോ, തുണിയോ തുണി ഉൽപ്പന്നങ്ങളോ രണ്ടും കൂടിയോ, ഉൽപ്പാദിപ്പിക്കുകയോ, വിൽക്കുകയോ, സംഭരിക്കുകയോ, കയറ്റി അയയ്ക്കുകയോ, വിതരണം ചെയ്യുകയോ, വാങ്ങുകയോ, വിൽപ്പനയ്ക്കായി സൂക്ഷിക്കുകയോ ചെയ്യുന്ന പ്രക്രിയയിലേർപ്പെട്ടിരിക്കുന്ന ഏതെങ്കിലും സ്ഥലമോ, വാഹനമോ, കെട്ടിടമോ, അതിന്റെ ചുറ്റുപാടുകളോ, പൂർണ്ണമായോ ഭാഗികമായോ ഉപയോഗിക്കുന്നത് എന്നർത്ഥമാകുന്നു;

(ഡി) 'സാമ്പത്തിക വർഷം' എന്നാൽ, ഏപ്രിൽ 1 മുതൽ മാർച്ച് 31 വരെയുള്ള 12 മാസം എന്നർത്ഥമാകുന്നു;

(ഇ) 'ഫോറം' എന്നാൽ, ഈ ചട്ടങ്ങൾക്ക് അനുബന്ധമായി ചേർത്തിട്ടുള്ള ഫോറം എന്നർത്ഥമാകുന്നു;

(എഫ്) 'വകുപ്പ്' എന്നാൽ, ആക്ടിലെ വകുപ്പ് എന്നർത്ഥമാകുന്നു.

(2) ഈ ചട്ടങ്ങളിൽ ഉപയോഗിച്ചിട്ടുള്ളതും പക്ഷേ നിർവ്വചിച്ചിട്ടില്ലാത്തതും എന്നാൽ ആക്ടിൽ നിർവ്വചിച്ചിട്ടുള്ളതുമായ വാക്കുകൾക്കും പ്രയോഗങ്ങൾക്കും യഥാക്രമം ആക്ടിൽ അവയ്ക്ക് നൽകപ്പെട്ടിട്ടുള്ള അർത്ഥം ഉണ്ടായിരിക്കുന്നതാണ്.

3. റിട്ടേൺ സമർപ്പണം.—(1) ആക്ടിലെ 3-ാം വകുപ്പ് പ്രകാരം സെസ്സ് അടയ്ക്കുവാൻ ബാദ്ധ്യസ്ഥനായ ഒരു വ്യാപാരി ഒരു സാമ്പത്തിക വർഷത്തെ തന്റെ മൊത്ത വിൽപ്പനത്തുക കാണിച്ച് ഫോറം I-ലെ റിട്ടേൺ അസസ്സിംഗ് ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്.

(2) മുൻ സാമ്പത്തികവർഷത്തെ മൊത്ത വിൽപ്പനത്തുകയും സെസ്സ് അടച്ചതിന്റെ വിശദാംശങ്ങളുമടങ്ങിയ റിട്ടേൺ ഏപ്രിൽ 15-ാം തീയതിക്കുമുമ്പ് സമർപ്പിക്കേണ്ടതാണ്.

(3) സെസ്സ് അടച്ചതു സംബന്ധിച്ച വിശദാംശങ്ങൾ ഓരോ വർഷവും ഏപ്രിൽ 15-ാം തീയതിക്കുമുമ്പ് ഫോറം I-ലെ റിട്ടേണിനൊപ്പം അസസ്സിംഗ് ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്.

(4) ആക്ടിലെ 8-ാം വകുപ്പുപ്രകാരം ഓരോ മാസവും അടച്ച മുൻകൂർ സെസ്സിന്റെ വിശദാംശങ്ങൾ അടുത്തമാസം 10-ാം തീയതിക്കകം ഫോറം I എ-യിൽ അസസ്സിംഗ് ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്.

4. സെസ്സ് അടവും ഈടാക്കലും സംബന്ധിച്ച നടപടി.—(1) ആക്ടിലെ 8-ാം വകുപ്പുപ്രകാരം മുൻകൂർ സെസ്സ് അടയ്ക്കുവാൻ ബാദ്ധ്യസ്ഥരായ ഓരോ വ്യാപാരിയും അടുത്തമാസം 10-ാം തീയതിക്കകം തുക നൽകേണ്ടതാണ്.

(2) സാമ്പത്തിക വർഷത്തെ മൊത്തം വിൽപ്പനയുടെ അടിസ്ഥാനത്തിൽ അടയ്ക്കേണ്ട അന്തിമ സെസ്സ് തുക സാമ്പത്തിക വർഷം അവസാനിച്ച് 15 ദിവസത്തിനകം അടയ്ക്കേണ്ടതാണ്.

(3) വ്യാപാരിയുടെ ഒരു സാമ്പത്തികവർഷത്തെ വിൽപ്പനത്തുകയുടെ അടിസ്ഥാനത്തിൽ വ്യാപാരി അടയ്ക്കേണ്ട സെസ്സ് തുക കണക്കാക്കി നിർണ്ണയിച്ച് അസസ്സിംഗ് ഓഫീസർ ഈടാക്കേണ്ടതാണ്.

(4) വ്യാപാരി അടയ്ക്കേണ്ട സെസ്സ് തുക അസസ്സിംഗ് ഓഫീസറുടെ പേരിൽ അദ്ദേഹത്തിന്റെ ആസ്ഥാനത്ത് മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റായി അസസ്സിംഗ് ഓഫീസർക്ക് നേരിട്ടോ, ഏതെങ്കിലും സർക്കാർ ട്രഷറിയിൽ നിശ്ചിത ഹെഡ് ഓഫ് അക്കൗണ്ടിലോ അടയ്ക്കേണ്ടതാണ്.

(5) ചട്ടം 3 പ്രകാരം സമർപ്പിക്കുന്ന റിട്ടേണിനോടൊപ്പം സെസ്സ് തുകയ്ക്കുള്ള ഡിമാന്റ് ഡ്രാഫ്റ്റോ, ചെലാൻ ഒടുക്കിയതിന്റെ രസീതോ സഹിതം അസസ്സിംഗ് ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്.

(6) സെസ്സ് തുക അടയ്ക്കുന്നതിന് ചെലവാകുന്ന ബാങ്ക് ചാർജ്ജോ, മറ്റ് ചെലവുകളോ വ്യാപാരി വഹിക്കേണ്ടതും അങ്ങനെയുള്ള തുക ആക്ട് പ്രകാരം അടയ്ക്കേണ്ട സെസ്സ് തുകയിൽനിന്ന് കുറവുചെയ്യാൻ പാടില്ലാത്തതുമാണ്.

(7) ഡിമാന്റ് ഡ്രാഫ്റ്റ് വഴി അസസ്സിംഗ് ഓഫീസർക്ക് ലഭിക്കുന്ന സെസ്സ് തുക സർക്കാരിന്റെ സഞ്ചിതനിധിയിൽ ഉപചട്ടം (4) പ്രകാരം നിശ്ചയിക്കുന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ അടയ്ക്കേണ്ടതാണ്.

(8) ഉപചട്ടം (5) പ്രകാരം ലഭിച്ച സെസ്സ് അടവുകളെ സംബന്ധിച്ച വിശദാംശങ്ങൾ ചട്ടം 6-ലെ ഉപചട്ടം (6) പ്രകാരം നിർണ്ണയിച്ചിട്ടുള്ള രജിസ്റ്ററുകളിൽ അസസ്സിംഗ് ഓഫീസർ രേഖപ്പെടുത്തേണ്ടതാണ്.

5. 3-ാം വകുപ്പ് (5)-ാം ഉപവകുപ്പുപ്രകാരം സെസ്സ് തുക ഫണ്ടിലേക്ക് അടയ്ക്കൽ.—(1) ഒരു സാമ്പത്തികവർഷം സംസ്ഥാനമൊട്ടാകെ അസസ്സിംഗ് ഓഫീസർ ഈടാക്കിയ സെസ്സ് തുകയുടെ കണക്കുകൾ ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ തയ്യാറാക്കി, സാമ്പത്തികവർഷം അവസാനിച്ച് 45 ദിവസങ്ങൾക്കകം ലേബർ കമ്മീഷണർക്കും സംസ്ഥാന സർക്കാരിനും സമർപ്പിക്കേണ്ടതാണ്.

(2) ഉപചട്ടം (1) പ്രകാരം ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ, ലേബർ കമ്മീഷണറുടെ ശുപാർശപ്രകാരം, സർക്കാർ, ആക്ടിലെ 3-ാം വകുപ്പ് (5)-ാം ഉപവകുപ്പുപ്രകാരം ഫണ്ടിലേക്ക് അർഹതപ്പെട്ട തുക നിർണ്ണയിക്കേണ്ടതും ആയത് അടുത്ത വർഷം ജൂൺ 30-ാം തീയതിക്കകം ബോർഡിന് അനുവദിക്കേണ്ടതുമാണ് :

എന്നാൽ, സർക്കാരിന് ഉചിതമെന്ന് തോന്നുന്നപക്ഷം, ഉപചട്ടം (2) പ്രകാരമുള്ള കുടിശ്ശിക തുക ഉചിതമായ സമയത്ത് അനുവദിക്കാവുന്നതാണ് :

എന്നിരുന്നാലും, ഉപചട്ടം (1)-ലേയോ ഉപചട്ടം (2)-ലേയോ വ്യവസ്ഥകൾ പാലിക്കുന്നതിൽ വരുന്ന കാലതാമസം സർക്കാരിൽനിന്ന് ബോർഡിന് ലഭിക്കുവാനുള്ള തുകയ്ക്ക് അർഹത ഇല്ലാതാക്കിത്തീർക്കുന്നതല്ല.

6. രജിസ്റ്ററുകളും രേഖകളും.—(1) ഓരോ വ്യാപാരിയും ദിനംപ്രതിയുള്ള വിൽപ്പന തുക കാണിക്കുന്ന ഫോറം II-ലെ വിറ്റുവരവ് സംബന്ധിച്ച രജിസ്റ്റർ സൂക്ഷിച്ചിരിക്കേണ്ടതാണ്:

എന്നാൽ, നിലവിലുള്ള ഏതെങ്കിലും ചട്ടങ്ങൾ പ്രകാരം വ്യാപാരി സൂക്ഷിക്കുന്ന രജിസ്റ്ററിൽ ഫോറം II-ൽ പറയുന്ന വിവരങ്ങൾ കാണിച്ചിട്ടുണ്ടെങ്കിൽ ആയത് ഈ ചട്ടങ്ങൾ പ്രകാരമുള്ള രജിസ്റ്ററിന് പകരം സൂക്ഷിച്ച രജിസ്റ്റർ ആയി കണക്കാക്കേണ്ടതാണ്.

(2) ഓരോ വ്യാപാരിയും സെസ്സ് ബാദ്ധ്യത, അടച്ച തുക, അടച്ചതിന്റെ വിവരങ്ങൾ എന്നിവ കാണിക്കുന്ന ഫോറം III-ലെ സെസ്സ് രജിസ്റ്റർ സൂക്ഷിച്ചിരിക്കേണ്ടതാണ്.

(3) അസസ്സിംഗ് ഓഫീസറോ മറ്റേതെങ്കിലും അധികാരപ്പെടുത്തിയ ഓഫീസറോ വ്യാപാരിയുടെ സ്ഥാപനത്തിൽ സന്ദർശനം നടത്തുമ്പോൾ കാണുന്ന തെറ്റുകളും അഭിപ്രായങ്ങളും രേഖപ്പെടുത്തുന്നതിന് ഓരോ വ്യാപാരിയും ഒരു 'വിസിറ്റ് ബുക്ക്' സൂക്ഷിച്ചിരിക്കേണ്ടതാണ്.

(4) ആക്ട് പ്രകാരവും ഈ ചട്ടങ്ങൾ പ്രകാരവും സൂക്ഷിക്കേണ്ട രജിസ്റ്ററുകളും രേഖകളും പൂർണ്ണ വിവരങ്ങളോടുകൂടി വ്യാപാരിയുടെ സ്ഥാപനത്തിൽ സൂക്ഷിച്ചിരിക്കേണ്ടതും പരിശോധനയ്ക്കോ, സെസ്സ് നിർണ്ണയത്തിനോ വേണ്ടി അസസ്സിംഗ് ഓഫീസറോ, ആക്ട് പ്രകാരമുള്ള മറ്റ് അതോറിറ്റിയോ ആവശ്യപ്പെടുന്നപക്ഷം ഹാജരാക്കേണ്ടതുമാണ്.

(5) ഈ ചട്ടങ്ങൾ പ്രകാരം സൂക്ഷിക്കേണ്ട രജിസ്റ്ററുകളും രേഖകളും അവയിൽ അവസാനവിവരങ്ങൾ രേഖപ്പെടുത്തിയശേഷം പത്ത് വർഷം സൂക്ഷിച്ചിരിക്കേണ്ടതാണ്.

(6) ഓരോ അസസ്സിംഗ് ഓഫീസറും ഡിമാന്റ് ഡ്രാഫ്റ്റ് വഴി ഈടാക്കിയ സെസ്സ് സംബന്ധിച്ച് ഫോറം IV-ലെ സെസ്സ് രജിസ്റ്ററും, ചെലാൻ പ്രകാരം സെസ്സ് അടച്ച വിവരം നൽകുന്നതിന് ഫോറം IV എ-യിലെ മറ്റൊരു രജിസ്റ്ററും സൂക്ഷിക്കേണ്ടതാണ്.

(7) ഓരോ അസസ്സിംഗ് ഓഫീസറും ഫോറം V-ലെ വ്യാപാരി രജിസ്ട്രേഷ രജിസ്റ്റർ സൂക്ഷിച്ചിരിക്കേണ്ടതാണ്.

(8) ഓരോ അസസ്സിംഗ് ഓഫീസറും ഓരോ വ്യാപാരിയും അടയ്ക്കുന്ന സെസ്സ് സംബന്ധിച്ച വിവരങ്ങൾ കാണിക്കുന്ന ഫോറം VI-ലെ വ്യാപാരി രജിസ്റ്റർ സൂക്ഷിച്ചിരിക്കേണ്ടതാണ്.

(9) ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറോ, ആക്ടിലെ 14 (1) വകുപ്പ്പ്രകാരം നിശ്ചയിക്കുന്ന അതോറിറ്റിയോ അവർ ആരായാലും, ഫോറം VII-ലെ മൊത്ത സെസ്സ് പിരിവ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

7. <u>വ്യാപാരി രജിസ്റ്റർ.</u>—(1) 3-ാം വകുപ്പ് പ്രകാരം സെസ്സ് അടയ്ക്കുന്നതിന് ബാദ്ധ്യസ്ഥനായ ഓരോ വ്യാപാരിയും വ്യാപാരം ആരംഭിച്ച് ഒരു മാസത്തിനകം അസസ്സിംഗ് ഓഫീസർ മുമ്പാകെ പേർ രജിസ്റ്റർ ചെയ്യേണ്ടതാണ്:

എന്നാൽ, ഈ ചട്ടങ്ങൾ പ്രാബല്യത്തിൽ വരുന്നതിനുമുമ്പ് വ്യാപാരം ആരംഭിച്ച വ്യാപാരികൾ, ഈ ചട്ടങ്ങൾ പ്രാബല്യത്തിൽവന്ന് അറുപത് ദിവസങ്ങൾക്കകമോ, സർക്കാർ ഗസറ്റ് വിജ്ഞാപനപ്രകാരം ദീർഘിപ്പിക്കുന്ന തീയതിക്കകമോ തങ്ങളുടെ പേർ രജിസ്റ്റർ ചെയ്യേണ്ടതാണ്.

(2) രജിസ്ട്രേഷനുവേണ്ടി അസസ്സിങ്ങ് ഓഫീസർ മുമ്പാകെ ഫോറം VIII-ൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

(3) ഉപചട്ടം (2) പ്രകാരം സമർപ്പിച്ച അപേക്ഷയിലെ വിവരങ്ങൾ ശരിയാണെന്നും, അപേക്ഷ സത്യസന്ധമാണെന്നും ബോദ്ധ്യപ്പെട്ടാൽ അസസ്സിംഗ് ഓഫീസർ വ്യാപാരിയുടെ പേർ രജിസ്റ്റർ ചെയ്യേണ്ടതും ഫോറം IX-ലെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്. അപ്രകാരം നൽകുന്ന സർട്ടിഫിക്കറ്റ് വ്യാപാരി സൂക്ഷിക്കേണ്ടതും അസസ്സിംഗ് ഓഫീസർ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്.

(4) വ്യാപാരിയുടെയോ സ്ഥാപനത്തിന്റെയോ പദവിയിൽ വരുന്ന ഏതൊരു മാറ്റവും, മാറ്റം വന്ന് പത്ത് ദിവസങ്ങൾക്കകം അസസ്സിംഗ് ഓഫീസറെ അറിയിച്ചിരിക്കേണ്ടതും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിൽ ആവശ്യമായ വ്യതിയാനമോ തിരുത്തലുകളോ ഭേദഗതിയോ വരുത്തിക്കേണ്ടതുമാണ്.

(5) സ്ഥാപനം അടച്ചുപൂട്ടുകയോ, മറ്റുതരത്തിൽ വ്യാപാരം നിർത്തലാക്കുകയോ ചെയ്യുന്നപക്ഷം പ്രസ്തുത വിവരം അടച്ചുപൂട്ടുകയോ നിർത്തലാക്കുകയോ ചെയ്യുന്ന തീയതി മുതൽ പത്ത് ദിവസത്തിനകം അസസ്സിംഗ് ഓഫീസറെ അറിയിച്ചിരിക്കേണ്ടതാണ്.

8. സെസ്സ് തിട്ടപ്പെടുത്തൽ.—(1) ഒരു വ്യാപാരിയുടെ ഓരോ സാമ്പത്തിക വർഷത്തേയും വിറ്റുവരവും വ്യാപാരി അടയ്ക്കേണ്ട സെസ്സ് തുകയും, വ്യാപാരിക്ക് വിറ്റുവരവും സെസ്സ് അടച്ചതു സംബന്ധിച്ച രജിസ്റ്ററുകളും രേഖകളും ഹാജരാക്കുന്ന തിനും അദ്ദേഹത്തിന്റെ വാദം കേൾക്കുന്നതിനും ഒരവസരം നൽകി, അസസ്സിംഗ് ഓഫീസർ നിർണ്ണയിക്കേണ്ടതാണ്.

(2) രേഖകളുടെ പരിശോധനയിൽ, ഈ ചട്ടങ്ങളിലെ 3-ാം ചട്ടപ്രകാരം വല്ല റിട്ടേണും സമർപ്പിച്ചിട്ടുണ്ടെങ്കിൽ അതുപ്രകാരം നൽകിയ വിറ്റുവരവ് ശരിയാണെന്നു കാണുന്നപക്ഷം അസസ്സിംഗ് ഓഫീസർ മൊത്തം വിറ്റുവരവ്, അടയ്ക്കാൻ ബാദ്ധ്യത യുള്ള സെസ്സ് തുക, മുൻകൂർ സെസ്സ് വല്ലതും അടച്ചിട്ടുണ്ടെങ്കിൽ ആ തുക, അടയ്ക്കുവാൻ ബാക്കിയുള്ള സെസ്സ് തുക എന്നിവ കാണിച്ചും ബാക്കി സെസ്സ് തുക അടയ്ക്കേണ്ട തീയതി നിശ്ചയിച്ചുകൊണ്ടും ഒരു തിട്ടപ്പെടുത്തൽ ഉത്തരവ് നൽകേണ്ടതാണ്.

(3) ഒരു വ്യാപാരി 3-ാം ചട്ടപ്രകാരം ഒരു റിട്ടേൺ സമർപ്പിക്കാതിരുന്നാലോ, ഉപചട്ടം (1) പ്രകാരമുള്ള നോട്ടീസിന്റെ അടിസ്ഥാനത്തിൽ രജിസ്റ്ററുകളും രേഖകളും ഹാജരാക്കുന്നതിൽ വീഴ്ചവരുത്തിയാലോ, 3-ാം ചട്ടപ്രകാരം നൽകിയ റിട്ടേണിലെ വിവരങ്ങൾ ശരിയാണെന്ന് സ്ഥാപിക്കുന്നതിൽ പരാജയപ്പെട്ടാലോ അസസ്സിംഗ് ഓഫീസർ ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിലോ ന്യായയുക്തമെന്ന് തോന്നുന്ന രീതിയിലോ വിറ്റുവരവും സെസ്സ് തുകയും നിശ്ചയിച്ച്, വ്യാപാരിക്ക് ഇക്കാര്യത്തിൽ ആക്ഷേപമുണ്ടെങ്കിൽ ആയത് സമർപ്പിക്കുന്നതിന് അവസരം നൽകിക്കൊണ്ട് നോട്ടീസ് നൽകേണ്ടതാണ്.

(4) വ്യാപാരി വല്ല ആക്ഷേപവും സമർപ്പിച്ചിട്ടുണ്ടെങ്കിൽ ആയത് പരിഗണിച്ച് അസസ്സിംഗ് ഓഫീസർ വ്യാപാരിയുടെ വിറ്റുവരവും, അടയ്ക്കുവാൻ ബാദ്ധ്യസ്ഥമായ സെസ്സ് തുകയും, മുൻകൂർ സെസ്സ് വല്ലതും അടച്ചിട്ടുണ്ടെങ്കിൽ ആ തുകയും, അടയ്ക്കുവാൻ ബാക്കിയുള്ള സെസ്സ് തുകയും അത് അടയ്ക്കുവാനുള്ള തീയതിയും കാണിച്ച് അന്തിമ തിട്ടപ്പെടുത്തൽ നടത്തേണ്ടതാണ്.

(5) ആക്ടിലെ 8-ാം വകുപ്പുപ്രകാരം അടച്ച മുൻകൂർ സെസ്സ് തുക അതേ സാമ്പത്തികവർഷം അടയ്ക്കാനുള്ള സെസ്സ് തുകയിൽ വകകൊള്ളിക്കേണ്ടതാണ്. അങ്ങനെ വകകൊള്ളിച്ച് അധികം വരുന്ന മുൻകൂർ സെസ്സ് തുക വല്ലതുമുണ്ടെങ്കിൽ ആയത് വരും വർഷത്തേക്കോ വർഷങ്ങളിലേക്കോ വകകൊള്ളിക്കേണ്ടതാണ്.

(6) വ്യാപാരം നിലച്ചതുമൂലം ഉപചട്ടം (5) പ്രകാരം അധികസെസ്സ് തുക ക്രമീകരിക്കുന്നതിന് കഴിയാതെ വരുന്നപക്ഷം അധികസെസ്സ് തുക, വ്യാപാരിയുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ തിരിച്ചുനൽകേണ്ടതാണ്.

9. <u>അസസ്സിംഗ് ഓഫീസർമാരുടെ അധികാരങ്ങൾ.</u>—(1) സെസ്സ് തുക തിട്ടപ്പെടുത്തേണ്ട ആവശ്യാർത്ഥം ഒരു അസസ്സിംഗ് ഓഫീസർക്ക്,—

(എ) ഒരു വ്യാപാരിയുടെ ഏതെങ്കിലും സ്ഥാപനത്തിലോ വ്യാപാരസ്ഥലത്തോ യുക്തമെന്ന് തോന്നുന്ന സഹായത്തോടെ ഉചിതമായ സമയത്ത് പ്രവേശിക്കുകയോ;

(ബി) വ്യാപാരവുമായി ബന്ധപ്പെട്ട വ്യക്തിയേയോ, ആവശ്യമെന്ന് തോന്നുന്ന പക്ഷം മറ്റുള്ളവരേയോ വിസ്തരിക്കുകയോ;

(സി) നിർദ്ദിഷ്ട രേഖകളോ രജിസ്റ്ററുകളോ വിറ്റുവരവ് നിർണ്ണയിക്കുന്നതിന് ആവശ്യമായ മറ്റേതെങ്കിലും രേഖകളോ ഹാജരാക്കുന്നതിന് നിർദ്ദേശിക്കുകയോ;

(ഡി) ഏതെങ്കിലും രേഖകൾ പിടിച്ചെടുക്കുകയോ പകർപ്പെടുക്കുകയോ;

(ഇ) ഈ ചട്ടങ്ങൾ നടപ്പിലാക്കുന്നതിനോ യഥാർത്ഥ വിറ്റുവരവ് നിർണ്ണയിക്കുന്നതിന് ആവശ്യമെന്നും ഉചിതമെന്നും തോന്നുന്ന മറ്റ് അധികാരങ്ങൾ വിനിയോഗിക്കുകയോ;

ചെയ്യാവുന്നതാണ്.

10. <u>അവധി കഴിഞ്ഞ തുക ഈടാക്കൽ.</u>—അടയ്ക്കാൻ വീഴ്ച വരുത്തിയ സെസ്സ് തുകയോ, ആക്ടിലെ 9-ാം വകുപ്പ് പ്രകാരമുള്ള വീഴ്ച വരുത്തിയ തുകയ്ക്കുള്ള പലിശയോ, ആക്ടിലെ 10-ാം വകുപ്പ് പ്രകാരമുള്ള പിഴയോ ഈടാക്കുന്നതിന്, അസസ്സിംഗ് ഓഫീസർ ലഭിക്കേണ്ട തുക കാണിച്ചുകൊണ്ടുള്ള ഒരു സർട്ടിഫിക്കറ്റ് ജില്ലാ കളക്ടർക്ക് അയയ്ക്കേണ്ടതും, ജില്ലാ കളക്ടർ അത് വസ്തുക്കരം കുടിശ്ശികയെന്ന രീതിയിൽ ഈടാക്കുന്നതിന് നടപടിയെടുക്കേണ്ടതുമാണ്.

11. <u>അപ്പീൽ.</u>—(1) ആക്ടിലെ 12-ാം വകുപ്പുപ്രകാരമുള്ള ഒരു അപ്പീൽ ലേബർ കമ്മീഷണർക്കോ അദ്ദേഹം ഈയാവശ്യത്തിന് അധികാരപ്പെടുത്തിയ ഡെപ്യൂട്ടി ലേബർ കമ്മീഷണറുടെ പദവിയിൽ കുറയാത്ത ഉദ്യോഗസ്ഥനോ നേരിട്ടോ രജിസ്റ്റേർഡ് പോസ്റ്റ് ആയോ അപ്പീലിനാധാരമായ ഉത്തരവ് ലഭിച്ച് അറുപത് ദിവസങ്ങൾക്കകം നൽകിയിരിക്കേണ്ടതാണ്:

എന്നാൽ, നിശ്ചിത സമയപരിധിക്കകം അപ്പീൽ നൽകുന്നതിന് മതിയായ കാരണംമൂലമാണ് അപ്പീൽവാദിക്ക് കഴിയാതെ വന്നതെന്ന് ബോദ്ധ്യപ്പെടുന്നപക്ഷം അപ്പലേറ്റ് അതോറിറ്റിക്ക് അറുപത് ദിവസത്തിനുശേഷം നൽകിയ അപ്പീലും സ്വീകരിക്കാവുന്നതാണ്.

(2) അപ്പീൽ മെമ്മോറാണ്ടത്തിൽ കേസിനാസ്പദമായ സാഹചര്യങ്ങൾ, അസസ്സിംഗ് ഓഫീസറുടെ തീരുമാനം, അപ്പീൽ വാദഗതി, കാംക്ഷിക്കുന്ന ആശ്വാസം എന്നിവ അടങ്ങിയിരിക്കണം.

(3) അപ്പീൽ മെമ്മോറാണ്ടം രണ്ടു പകർപ്പ് സമർപ്പിച്ചിരിക്കേണ്ടതും അതോടൊപ്പം താഴെപ്പറയുന്ന രേഖകൾ അടക്കം ചെയ്തിരിക്കേണ്ടതുമാണ്:

(എ) അപ്പീലിനാധാരമായ ഉത്തരവ് ;

(ബി) തർക്കത്തിലുള്ള തുകയുടെയോ, പെനാൽറ്റിയുടെയോ, രണ്ടുംകൂടിയ തുകയുടെയോ, അതാത് സംഗതികൾപോലെ, ഒരു ശതമാനത്തിന് തുല്യമായ തുക ഫീസ് ;

(സി) തെളിവിനായി ആശ്രയിക്കുന്ന രേഖകൾ.

(4) അപ്പലേറ്റ് അതോറിറ്റി അപ്പീൽ മെമ്മോറാണ്ടത്തിന്റെയും അനുബന്ധങ്ങളുടെയും ഒരു പകർപ്പ് അസസ്സിങ് ഓഫീസർക്ക് നൽകി, അപ്പീൽ മെമ്മോറാണ്ടത്തിലെ ഓരോ ഖണ്ഡികയേയും സംബന്ധിച്ചുള്ള വിശദീകരണം സമർപ്പിക്കാൻ നിർദ്ദേശിക്കേണ്ടതാണ്.

(5) അപ്പീൽ മെമ്മോറാണ്ടം ലഭിക്കുന്ന മുറയ്ക്ക് അസസ്സിങ് ഓഫീസർ അപ്പീൽ മെമ്മോറാണ്ടത്തിലെ ഓരോ ഖണ്ഡികയേയും സംബന്ധിച്ചുള്ള വിശദീകരണം, ആവശ്യമായ പകർപ്പുകൾ സഹിതം, അപ്പലേറ്റ് അതോറിറ്റി നശ്ചയിച്ച സമയത്തിനകം സമർപ്പിച്ചിരിക്കേണ്ടതാണ്.

(6) അപ്പീലിലെ കക്ഷികൾക്ക് വാദം കേൾക്കുന്നതിന് ഒരവസരം നൽകി അപ്പലേറ്റ് അതോറിറ്റി അപ്പീലിൻമേൽ ഉചിതമായ തീരുമാനം രേഖപ്പെടുത്തേണ്ടതാണ്.

(7) അപ്പലേറ്റ് അതോറിറ്റിക്ക് അസസ്സിങ് ഓഫീസറുടെ ഉത്തരവ് ശരിവെയ്ക്കുകയോ, ഭേദഗതി വരുത്തുകയോ, റദ്ദാക്കുകയോ, റദ്ദാക്കി പുനർതീരുമാനത്തിന് തിരിച്ചയയ്ക്കുകയോ ചെയ്യാവുന്നതാണ്.

(8) അസസ്സിങ് ഓഫീസർ പുനർവിചാരണ നടത്തി തീരുമാനമെടുക്കുന്നതിന് ഉത്തരവിടുന്നപക്ഷം അസ്സ്സിങ് ഓഫീസർ തെളിവുകൾ നൽകുന്നതിന് കക്ഷികൾക്ക് മറ്റൊരവസരംകൂടി നൽകി എത്രയും പെട്ടെന്ന് തീർപ്പു കല്പിക്കേണ്ടതാണ്.

(9) അപ്പലേറ്റ് അതോറിറ്റി ഏതെങ്കിലും അപ്പീൽ നിരസിക്കുന്നപക്ഷം, അത് ഏത് കാരണത്താലായാലും അപ്പീലിനാധാരമായ ഉത്തരവിൽ തുകയടയ്ക്കുന്നതിന് നിശ്ചയിച്ച തീയതി മുതൽ ആക്ടിലെ 9-ാം വകുപ്പുപ്രകാരം നിശ്ചയിച്ച നിരക്കിലുള്ള പലിശ സഹിതം സെസ്സ് തുക അപ്പീലിൻമേൽ ഉത്തരവു കിട്ടി പതിനഞ്ചു ദിവസത്തിനകം, വ്യാപാരി അടച്ചിരിക്കേണ്ടതാണ്.

(10) അപ്പലേറ്റ് അതോറിറ്റിയുടെ ഉത്തരവ് അന്തിമമായിരിക്കുന്നതാണ്.

12. സെസ്സ് പിരിവ് സംബന്ധിച്ച റിട്ടേൺ.—(1) ആക്ടിലെ 14-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം അസസ്സിങ് ഓഫീസർ സമർപ്പിച്ചിരിക്കേണ്ട സെസ്സ് പിരിവ് സംബന്ധിച്ച വിശദാംശങ്ങൾ അടങ്ങിയ റിട്ടേൺ ഫോറം X-ൽ ഓരോ മാസത്തിനും ശേഷം ഇരുപത് ദിവസങ്ങൾക്കകം സമർപ്പിച്ചിരിക്കേണ്ടതാണ്.

(2) ആക്ടിലെ 14-ാം വകുപ്പ് (2)-ാം ഉപവകുപ്പുപ്രകാരം ഒരു സാമ്പത്തിക വർഷത്തെ സെസ്സ് പിരിവ് സംബന്ധിച്ച് സർക്കാരിന് സമർപ്പിച്ചിരിക്കേണ്ട വിശദാംശങ്ങൾ അടങ്ങിയ റിട്ടേൺ ഫോറം XI-ൽ സാമ്പത്തിക വർഷം അവസാനിച്ച് നാൽപ്പത്തി അഞ്ച് ദിവസത്തിനകം സമർപ്പിച്ചിരിക്കേണ്ടതാണ്.

13. 15-ാം വകുപ്പ് പ്രകാരമുള്ള വ്യവഹാരം ബോധിപ്പിക്കൽ.—(1) ആക്ടിലെ 15-ാം വകുപ്പിലെ (1), (2), (3) എന്നീ ഉപവകുപ്പുകളിൽപ്പെടുന്ന ലംഘനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ അസസ്സിങ് ഓഫീസർക്ക് ബോർഡിൽ പരാതിപ്പെടാവുന്നതാണ്. പരാതി ലഭിക്കുന്ന മുറയ്ക്ക് ബോർഡിന് പരാതി പരിശോധിച്ച്, ആവശ്യമെന്ന് തീരുമാനിക്കുന്നപക്ഷം, പരാതി കുറ്റക്കാരനെതിരെ നിയമനടപടിയെടുക്കുന്ന കാര്യം പരിഗണിക്കുന്നതിന് സർക്കാരിന് സമർപ്പിക്കാവുന്നതാണ്.

(2) അത്തരം പരാമർശം ലഭിച്ചാൽ സർക്കാർ, ആവശ്യമെന്ന് കരുതുന്ന അന്വേഷണം നടത്തുകയും, കോടതി മുമ്പാകെ പരാതി സമർപ്പിക്കുന്നതിന് അസസ്സിങ് ഓഫീസറെ അധികാരപ്പെടുത്തുകയും ചെയ്യാവുന്നതാണ്.

# കേരള കൈത്തറി തൊഴിലാളി ക്ഷേമ സെസ്സ് ചട്ടങ്ങൾ, 2008

## ഫോറം I

[ചട്ടം 3(1) കാണുക]

## വിറ്റുവരവും സെസ്സും സംബന്ധിച്ച റിട്ടേൺ

| വ്യാപാരിയുടെ പേരും വിലാസവും | രജിസ്ട്രേഷൻ നമ്പർ | കാലയളവ് |
|---|---|---|
| ..................................<br>..................................<br>..................................<br>.................................. | .................................. | മുതൽ...............വരെ............. |

| സാമ്പത്തിക വർഷം | മൊത്തം വിറ്റു വരവ് | മൊത്തം സെസ്സ് തുക | അടച്ച മുൻകൂർ സെസ്സ് | | ബാക്കി അടയ്ക്കുവാനുള്ള തുക | 6-ാം കോളത്തിലെ തുക അടച്ചത് സംബന്ധിച്ച വിവരങ്ങൾ | | | അഭിപ്രായ ക്കുറിപ്പുകൾ |
|---|---|---|---|---|---|---|---|---|---|
| | | | തീയതി | തുക | | ചെലാൻ ഡി.ഡി. നമ്പർ | തീയതി | തുക | |
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) | (10) |
| | | | | | | | | | |

<u>കുറിപ്പ്</u> :—ചെലാൻ രസീത്/ഡിമാന്റ് ഡ്രാഫ്റ്റ്, റിട്ടേണിനോടൊപ്പം സമർപ്പിച്ചിരിക്കേണ്ടതാണ്.

മുകളിൽ കാണിച്ച വിവരങ്ങൾ എന്റെ/ഞങ്ങളുടെ അറിവിൽപ്പെട്ടിടത്തോളം സത്യവും ശരിയുമാണെന്ന് സാക്ഷ്യപ്പെടുത്തിക്കൊള്ളുന്നു.

സ്ഥലം :

വ്യാപാരിയുടെ ഒപ്പ്

തീയതി :

## ഫോറം I എ

[ചട്ടം 3 (4) കാണുക]

**പ്രതിമാസ മുൻകൂർ സെസ്സ് അടവ് സംബന്ധിച്ച വിവരങ്ങൾ**

| വ്യാപാരിയുടെ പേരും വിലാസവും | രജിസ്ട്രേഷൻ നമ്പർ | മാസം |
|---|---|---|
| ................................................ | .............................. | .............................. |
| ................................................ | | |
| ................................................ | | |

| സാമ്പത്തികവർഷം പ്രതീക്ഷിക്കുന്ന വിറ്റുവരവോ ..........വർഷത്തേക്ക് തിട്ടപ്പെടുത്തിയ വിറ്റുവരവോ | കോളം 1-ലെ തുകയുടെ സെസ്സ് തുക | കോളം 2-ലെ അടിസ്ഥാനത്തിൽ ഒരു മാസത്തെ സെസ്സ് തുക | പണമടച്ചത് സംബന്ധിച്ച വിശദാംശങ്ങൾ (ചെലാൻ/ഡി.ഡി. നമ്പർ, തീയതി, ട്രഷറി, ബാങ്ക്, തുക എന്നിവ; ചെലാൻ രസീത്/ഡി.ഡി. അടക്കം ചെയ്തിരിക്കണം) | അഭിപ്രായ കുറിപ്പ് |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| | | | | |

സ്ഥലം :

തീയതി :

*വ്യാപാരിയുടെ ഒപ്പ്*

## ഫോറം II

[ചട്ടം 6 (1) കാണുക]

## വിറ്റുവരവ് സംബന്ധിച്ച രജിസ്റ്റർ

| വ്യാപാരിയുടെ പേരും വിലാസവും | രജിസ്ട്രേഷൻ നമ്പർ | സാമ്പത്തിക വർഷം |
|---|---|---|
| ............................................<br>............................................<br>............................................ | ........................ | ........................ |

| തീയതി | ബിൽ നമ്പരുകൾ മുതൽ-വരെ | ദിവസത്തെ മൊത്തം വിറ്റുവരവ് തുക | നിയമത്തിന്റെ പരിധിയിൽ വരുന്ന വിറ്റുവരവ് തുക | അഭിപ്രായ കുറിപ്പ് |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| | | | | |

വ്യാപാരിയുടെ ഒപ്പ്

## കേരള കൈത്തറി തൊഴിലാളി ക്ഷേമ സെസ്സ് ചട്ടങ്ങൾ, 2008

### ഫോറം III

[ചട്ടം 6 (2) കാണുക]

### സെസ്സ് രജിസ്റ്റർ

1. വ്യാപാരിയുടെ പേരും വിലാസവും : ..............................................................................
..............................................................................
..............................................................................
2. രജിസ്ട്രേഷൻ നമ്പർ : ........................................
3. സാമ്പത്തിക വർഷം : ........................................

| മാസം | നിയമപ്രകാരമുള്ള വിറ്റുവരവ് തുക | അടയ്ക്കാനുള്ള സെസ്സ് തുക | അടച്ച സെസ്സ് തുക | പണമടച്ചത് സംബന്ധിച്ച വിശദാംശങ്ങൾ | | അഭിപ്രായക്കുറിപ്പ് |
|---|---|---|---|---|---|---|
| | | | | ചെലാൻ/ ഡി.ഡി.നമ്പർ, തീയതി | ട്രഷറി/ ബാങ്കിന്റെ പേര് | |
| (1) | (2) | (3) | (4) | (5) | (6) | (7) |
| ഏപ്രിൽ | | | | | | |
| മേയ് | | | | | | |
| ജൂൺ | | | | | | |
| ജൂലായ് | | | | | | |
| ആഗസ്റ്റ് | | | | | | |
| സെപ്റ്റംബർ | | | | | | |
| ഒക്ടോബർ | | | | | | |
| നവംബർ | | | | | | |
| ഡിസംബർ | | | | | | |
| ജനുവരി | | | | | | |
| ഫെബ്രുവരി | | | | | | |
| മാർച്ച് | | | | | | |
| ആകെ | | | | | | |

*വ്യാപാരിയുടെ ഒപ്പ്*

## ഫോറം IV

[ചട്ടം 6 (6) കാണുക]

## ഡിമാന്റ് ഡ്രാഫ്റ്റുവഴിയുള്ള സെസ്സ് ഈടാക്കൽ രജിസ്റ്റർ

ഓഫീസ്:......................................................... ജില്ല:.........................................................................

| | | | | | ലഭിച്ച ഡി.ഡി.യുടെ വിവരങ്ങൾ | | സർക്കാർ അക്കൗണ്ടിലേക്ക് മാറ്റിയ തുകയുടെ വിവരങ്ങൾ | | | | |
|---|---|---|---|---|---|---|---|---|---|---|---|
| ക്രമനമ്പർ | തീയതി | വ്യാപാരിയുടെ പേര് | രജിസ്റ്റർ നമ്പർ | ഏത് കാലയളവിലെ സെസ്സ് എന്ന് | തുക | ഡി.ഡി. നമ്പരും തീയതിയും | ബാങ്കിന്റെ പേര് | ചെലാൻ നമ്പർ | തീയതി | ട്രഷറിയുടെ പേര് | അസ്സസ്സിംഗ് ഓഫീസറുടെ പേര് |
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) | (10) | (11) | (12) |

## ഫോറം IV എ

[ചട്ടം 6 (6) കാണുക]

## ചെലാൻ വഴിയുള്ള സെസ്സ് ഈടാക്കൽ രജിസ്റ്റർ

ഓഫീസ്: .............................................. ജില്ല: ..............................................

| ക്രമനമ്പർ | ചെലാൻ അസസ്സിങ് ഓഫീസർക്ക് ലഭിച്ച തീയതി | വ്യാപാരിയുടെ പേര് | രജിസ്ട്രേഷൻ നമ്പർ | ഏത് കാലയളവിലെ സെസ്സ് എന്ന് | പണമടച്ചത് സംബന്ധിച്ച വിവരങ്ങൾ | | | അസസ്സിങ് ഓഫീസറുടെ ഒപ്പ് |
|---|---|---|---|---|---|---|---|---|
| | | | | | തുക | ചെലാൻ നമ്പരും തീയതിയും | ട്രഷറിയുടെ പേര് | |
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) |

## ഫോറം V

[ചട്ടം 6 (7) കാണുക]

### വ്യാപാരി രജിസ്ട്രേഷൻ രജിസ്റ്റർ

ഓഫീസിന്റെ പേര്:.............................................................. ജില്ല:..............................................

| ക്രമ നമ്പർ | അപേക്ഷ ലഭിച്ച തീയതി | വ്യാപാരിയുടെ പേരും വിലാസവും | പ്രൊപ്രൈറ്റർ/ ഡയറക്ടർ/ പാർട്ട്ണർ/ സെക്രട്ടറിയുടെ പേര് | അനുവദിച്ച രജിസ്ട്രേഷൻ നമ്പർ | അസ്സസിംഗ് ഓഫീസറുടെ ഒപ്പ് |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |

## ഫോറം VI

[ചട്ടം 6 (8) കാണുക]

### വ്യാപാരിയും സെസ്സ് ഒടുക്കലും സംബന്ധിച്ച രജിസ്റ്റർ

വ്യാപാരിയുടെ പേരും വിലാസവും: ..................................................

രജിസ്ട്രേഷൻ നമ്പർ:..................................

| | | | | | അടച്ച സെസ്സ് തുക | | | | കോളം 9-ലെ അടച്ച സെസ്സ് തുക | | | അപ്പീലിലും മറ്റുമുള്ള ഭേദഗതി | | | പലിശ | | പിഴ | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| മാസവും വർഷവും | റിട്ടേൺ പ്രകാരമുള്ള വിറ്റുവരവ് | റിട്ടേൺ പ്രകാരം അടയ്ക്കേണ്ടതായുള്ള സെസ്സ് തുക | തിട്ടപ്പെടുത്തിയ പ്രകാരമുള്ള വിറ്റുവരവ് | തിട്ടപ്പെടുത്തിയ പ്രകാരമുള്ള സെസ്സ് തുക | ചെലാൻ/ഡി.ഡി. നമ്പർ | തീയതി | തുക | ബാക്കി അടയ്ക്കേണ്ടതുള്ളത് | ചെലാൻ/ഡി.ഡി. നമ്പർ | തീയതി | തുക | വിറ്റുവരവ് തുക | സെസ്സ് തുക | ബാക്കി/അധിക സെസ്സ് തുക | അടയ്ക്കേണ്ടതായുള്ളത് | അടച്ചത് | അടയ്ക്കേണ്ടതായുള്ളത് | അടച്ചത് | അപ്പീലിൽ പലിശയ്ക്കോ പിഴയ്ക്കോ മാറ്റം വന്നിട്ടുണ്ടെങ്കിൽ അതു സംബന്ധിച്ച വിവരങ്ങൾ | അസസ്സിങ് ഓഫീസറുടെ ഒപ്പ് |
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) | (10) | (11) | (12) | (13) | (14) | (15) | (16) | (17) | (18) | (19) | (20) | (21) |

കേരള കൈത്തറി തൊഴിലാളി ക്ഷേമ സെസ്സ് ചട്ടങ്ങൾ, 2008

ഫോറം VII

[ചട്ടം 6 (9) കാണുക]

സെസ്സ് ഈടാക്കൽ സംബന്ധിച്ച സംക്ഷിപ്ത രജിസ്റ്റർ

സാമ്പത്തിക വർഷം:........................................................

| മാസം | ഓരോ ജില്ലയിലും ഈടാക്കിയ തുക | | | | | | | | | | | | | | ആകെ തുക | ഒപ്പ് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | കാസറഗോഡ് | കണ്ണൂർ | വയനാട് | കോഴിക്കോട് | മലപ്പുറം | പാലക്കാട് | തൃശ്ശൂർ | എറണാകുളം | കോട്ടയം | ഇടുക്കി | ആലപ്പുഴ | പത്തനംതിട്ട | കൊല്ലം | തിരുവനന്തപുരം | | |
| (1) | 2(1) | 2(2) | 2(3) | 2(4) | 2(5) | 2(6) | 2(7) | 2(8) | 2(9) | 2(10) | 2(11) | 2(12) | 2(13) | 2(14) | (3) | (4) |

## ഫോറം VIII

[*ചട്ടം* 7 (2) കാണുക]

### വ്യാപാരി രജിസ്ട്രേഷനുള്ള അപേക്ഷ

1. വ്യാപാരി/വ്യാപാരികളുടെ സ്ഥാപനത്തിന്റെ പേര് :
2. വിലാസം—കെട്ടിട നമ്പർ, റോഡിന്റെ പേര് എന്നിവ ഉൾപ്പടെ :
3. ഉടമയുടെ/കൈവശക്കാരന്റെ പേരും സ്ഥാനപ്പേരും (പ്രൊപ്രൈറ്റർ/മാനേജിങ് ഡയറക്ടർ/ഡയറക്ടർ, മാനേജിങ് പാർട്ട്ണർ/പാർട്ട്ണർ, പ്രസിഡന്റ്/സെക്രട്ടറി തുടങ്ങിയവ) :
4. വ്യാപാര സ്വഭാവം (ഉൽപ്പാദകൻ, വിൽപ്പനക്കാരൻ, കൈമാറ്റക്കാരൻ തുടങ്ങിയവ) :
5. വ്യാപാരം ആരംഭിച്ച തീയതി :
6. വ്യാപാര നടത്തിപ്പിന് ഉത്തരവാദപ്പെട്ട വ്യക്തിയുടെ പേരും സ്ഥാനപ്പേരും വിലാസവും :
7. പ്രൊപ്രൈറ്റർ, എല്ലാ ഡയറക്ടർമാർ, എല്ലാ പാർട്ട്ണർമാർ മുതലായവരുടെ, ഏതാണോ അവരുടെ പേരും വീട്ടുവിലാസവും :
8. ബ്രാഞ്ചുണ്ടെങ്കിൽ അതിന്റെ വിവരങ്ങൾ :

### സത്യപ്രസ്താവന

മേൽപ്പറഞ്ഞ വിവരങ്ങൾ എന്റെ/ഞങ്ങളുടെ അറിവിലും വിശ്വാസത്തിലും ശരിയും സത്യവുമാണെന്ന് ഞാൻ/ഞങ്ങൾ സാക്ഷ്യപ്പെടുത്തിക്കൊള്ളുന്നു.

സ്ഥലം : *വ്യാപാരിയുടെ ഒപ്പ്*

തീയതി :

### ഓഫീസ് ആവശ്യത്തിന്

1. അപേക്ഷ ലഭിച്ച തീയതി :
2. അനുവദിച്ച രജിസ്ട്രേഷൻ നമ്പർ, തീയതി സഹിതം :

*അസസ്സിങ് ഓഫീസറുടെ ഒപ്പ്*

കേരള കൈത്തറി തൊഴിലാളി ക്ഷേമ സെസ്സ് ചട്ടങ്ങൾ, 2008

ഫോറം IX

[ചട്ടം 7 (3) കാണുക]

**വ്യാപാരി രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്**

രജിസ്ട്രേഷൻ നമ്പർ:............................ തീയതി:..................

1. വ്യാപാരിയുടെ/വ്യാപാരികളുടെ പേരും വിലാസവും :
2. വ്യാപാരത്തിന്റെ സ്വഭാവം
3. വ്യാപാരസ്ഥലമോ സ്ഥലങ്ങളോ :

(ഓഫീസ് സീൽ)

*അസസ്സിങ് ഓഫീസറുടെ ഒപ്പ്*
(പേരും സ്ഥാനപ്പേരും)

33/120/08/DTP.

## കേരള കൈത്തറി തൊഴിലാളി ക്ഷേമ സെസ്സ് ചട്ടങ്ങൾ, 2008

### ഫോറം X

[ചട്ടം 12 (1) കാണുക]

.....................മാസത്തെ സെസ്സ് ഈടാക്കൽ സംബന്ധിച്ച റിട്ടേൺ

അസസ്സിങ് ഓഫീസർ:.............................................. ജില്ല:..............................................

പാർട്ട് എ

| സെസ്സ് അടച്ച വ്യാപാരികളുടെ എണ്ണം | ഡി.ഡി. പ്രകാരം ഈടാക്കി സർക്കാർ അക്കൗണ്ടിലേക്ക് മാറ്റി അടച്ച സെസ്സ് തുക | വ്യാപാരികൾ ട്രഷറിയിൽ നേരിട്ടടച്ച സെസ്സ് തുക | മൊത്തം ഈടാക്കിയ തുക | ട്രഷറി കണക്കുകൾ പ്രകാരം ഈടാക്കിയ തുക | വ്യത്യാസങ്ങൾ വല്ലതുമുണ്ടെങ്കിൽ അത് | അഭിപ്രായ കുറിപ്പ് |
|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) |
| | | | | | | |

പാർട്ട് ബി

| കഴിഞ്ഞ മാസം വരെ ട്രഷറി തുകയുമായുള്ള വ്യത്യാസ തുക | ഈമാസത്തെ വ്യത്യാസ തുക | മൊത്തം വ്യത്യാസ തുക (കോളം 8+9) | ഈമാസം പരിഹരിച്ച വ്യത്യാസ തുക | പരിഹരിക്കാൻ ബാക്കിയുള്ള വ്യത്യാസ തുക | അഭിപ്രായക്കുറിപ്പ് |
|---|---|---|---|---|---|
| (8) | (9) | (10) | (11) | (12) | (13) |
| | | | | | |

മേൽക്കാണിച്ച ട്രഷറി കണക്കുകളുമായി താരതമ്യം ചെയ്തിട്ടുണ്ടെന്നും അതുപ്രകാരം ശരിയാണെന്ന് കണ്ടിട്ടുണ്ടെന്നും/പാർട്ട് ബി-യിൽ കാണിച്ച വ്യത്യാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും സാക്ഷ്യപ്പെടുത്തിക്കൊള്ളുന്നു.

സ്ഥലം :

തീയതി :

*അസസ്സിംഗ് ഓഫീസറുടെ ഒപ്പ്*

## കേരള കൈത്തറി തൊഴിലാളി ക്ഷേമ സെസ്സ് ചട്ടങ്ങൾ, 2008

ഫോറം XI

[ചട്ടം 12 (2) കാണുക]

....................വർഷത്തെ മൊത്തസെസ്സ് ഈടാക്കൽ സംബന്ധിച്ച റിട്ടേൺ

| ജില്ലയുടെ പേര് | സാമ്പത്തിക വർഷം ഈടാക്കിയ മൊത്തം സെസ്സ് തുക | കളക്ഷൻ ചെലവ് | ബാക്കി ഫണ്ടിലേക്ക് അർഹതപ്പെട്ട തുക | അഭിപ്രായ കുറിപ്പ് |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| | | | | |
| ആകെ | | | | |

സ്ഥലം :
തീയതി :

*ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ/*
*അധികാരിയുടെ ഒപ്പ്*
(പേരും വിലാസവും)

ഗവർണറുടെ ഉത്തരവിൻപ്രകാരം,

സി. കെ. വിശ്വനാഥൻ,
*ഗവൺമെൻറ് സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമല്ല. എന്നാൽ അതിൻെറ പൊതു ഉദ്ദേശ്യം വ്യക്തമാക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2007-ലെ കേരള കൈത്തറി തൊഴിലാളി ക്ഷേമ സെസ്സ് ആക്റ്റ് (2007-ലെ 10-ം ആക്റ്റ്) 18-ാം വകുപ്പ്(1)-ാം ഉപവകുപ്പ് പ്രകാരം ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിനായി ചട്ടങ്ങൾ ഉണ്ടാക്കുവാൻ സർക്കാരിന് അധികാരം നൽകുന്നു. അപ്രകാരം ചട്ടങ്ങൾ ഉണ്ടാക്കുവാൻ സർക്കാർ തീരുമാനിച്ചു.

പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PRINTED AND PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2008

OFFICE OF THE LABOUR OFFICER (Enforcement) PUDUCHERRY

L-58

## THE BUILDINGS AND OTHER CONSTRUCTION WORKERS' WELFARE CESS RULES, 1998

*New Delhi, the 26th March, 1998*

[1] **G.S.R. 149 (E).** — In exercise of the powers conferred by sub-section (1) of section 14 of the Building and Other Construction Workers' Welfare Cess Act, 1996 (Act 28 of 1996), the Central Government hereby makes the following rules, namely :—

***1. Short title and commencement.*** — (1) These rules may be called the Building and Other Construction Workers' Welfare Cess Rules, 1998.

(2) They shall come into force on the date of their publication in the Official Gazette.

***2. Definitions.*** — In these rules, unless the context otherwise requires, —

(a) ' Act ' means the Building and Other Construction Workers' Welfare Cess Act, 1996 (Act 28 of 1996).

(b) ' Main Act ' means the Building and Other Construction Workers' (Regulation of Employment and Conditions of Service) Act, 1996 (Act 27 of 1996).

(c) ' Form ' means the Form annexed to these rules.

(d) All other words and expressions used in these rules but not defined and defined in the Act or in the Main Act shall have the meanings respectively assigned to them in those Acts.

(e) ' Specified ' means specified by a State Government by an order published in the Official Gazette.

(f) ' Cess Collector ' means an officer appointed by the State Government for collection of cess under the Act.

(g) ' Assessing Officer ' means a gazetted officer of a State Government or an officer of a local authority holding an equivalent post to a gazetted officer of the State Government appointed by such State Government for assessment of Cess under the Act.

(h) ' Appellate Authority ' means an officer, senior in rank to the Assessing officer, appointed by the State Government for the purposes of section 11 of the Act.

[1] *Vide the Gazette of India, Extraordinary*, Pt. II, Sec. 3 (i), dated the 26th March, 1998, at p. 7.